


**Little Kites**

# GHS KAVILUMPARA

## ***DIGITAL MAGAZINE***

## താളുകൾ മറിയുമ്പോൾ


മഹാത്മാഗാന്ധി........................................1
    ജീവചരിത്രക്കുറിപ്പ്........................................1
കേരളം കണ്ട മഹാപ്രളയം........................................2
    ലേഖനം........................................2
ഡോക്ടർ എപിജെ അബ്ദുൽ കലാം........................................3
    ജീവചരിത്രക്കുറിപ്പ്........................................3
ജവഹർലാൽനെഹ്റു........................................5
    ജീവചരിത്രക്കുറിപ്പ്........................................5
അച്ഛനും മകനും........................................6

കഥ......6
അവൾ ദേവു......7
കഥ......7
കൂട്ടുകാർ......9
കഥ......9
എന്തും എങ്ങനെയും......10
കഥ......10
വഴിതെറ്റുന്ന പുതുതലമുറ......11
കഥ......11
വാർദ്ധക്യകാലം......13
കഥ......13
മൈസൂരിലേക്ക് ഒരു യാത്ര......15
യാത്രാ വിവരണം......15
വൈലോപ്പിള്ളി ശ്രീധരമേനോൻ......17
ജീവചരിത്രക്കുറിപ്പ്......17
ജീവിത യാഥാർത്ഥ്യം......18
കവിത......18
ഒറ്റപ്പെട്ടവരുടെ കഥ......19
കഥ......19
നാളെ......21
കഥ......21
കാഴ്ച......22
കഥ......22
വൈലോപ്പിള്ളി ശ്രീധരമേനോൻ......23
ജീവചരിത്രക്കുറിപ്പ്......23
സായം സന്ധ്യ......24
കവിത......24
English -An International language......25
Article......25
समय का सदुपयोग......27
लेख......27
സ്റ്റീഫൻ വില്യം ഹോക്കിങ്......28
ജീവചരിത്രക്കുറിപ്പ്......28
സി വി ശ്രീരാമൻ......29
ജീവചരിത്രക്കുറിപ്പ്......29
ഐസക് ന്യൂട്ടൺ......30
ജീവചരിത്രക്കുറിപ്പ്......30
വാർദ്ധക്യം......31
ജീവചരിത്രക്കുറിപ്പ്......31
എന്റെ മക്കൾ......32
കഥ......32
പ്രവാസി മലയാളി......33
കഥ......33

ഓടയിൽനിന്ന്......34
വായനക്കുറിപ്പ്......34
ചങ്ങമ്പുഴ കൃഷ്ണപിള്ള......35
ജീവചരിത്രക്കുറിപ്പ്......35
ലേഖനം......36
യാത്രാവിവരണം......37
വാർധക്യത്തിന്റ ദൈന്യതകൾ......38
വായനക്കുറിപ്പ്......38
എന്റെ മക്കൾ......39
ഓർമക്കുറിപ്പ്......39
ലഹരിയെന്ന ആപത്ത്......40
ലേഖനം......40

# മഹാത്മാഗാന്ധി

ജീവചരിത്രക്കുറിപ്പ്

ഇന്ത്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജി ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. യഥാർഥപേര് മോഹൻദാസ് കരംചന്ദ് ഗാന്ധി. അമ്മ പുത്‌ലി ബായി, അച്ഛൻ കരംചന്ദ് ഗാന്ധി. ഭാര്യ കസ്തൂർബാ ഗാന്ധി. 1893 ദക്ഷിണാഫ്രിക്കയിലെത്തിയ ഗാന്ധിജി വർണവിവേചനത്തിനെതിരേ ശക്തമായി പോരാടി. സ്വാതന്ത്ര്യ സമര നായകനായ ഗാന്ധിജി ജനതയെ മുഴുവൻ നയിച്ച് സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചു. എല്ലാ തൊഴിലും മാന്യത ഉള്ളതാണെന്നും അധ്വാനിച്ച് ജീവിക്കുന്നത് ഉത്തമം എന്നുള്ള റെസ്കിന്റെ ആശയം ഗാന്ധിജി സ്വീകരിച്ചു. 1917 ബീഹാറിലെ ചമ്പാരനിൽ സത്യാഗ്രഹ സമരം നടത്തി വിജയിച്ചു. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഉയർന്ന നേതാവായിത്തീർന്ന ഗാന്ധിജി 1920 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാവായി. 1928 ബർദോളി സത്യാഗ്രഹം നയിച്ചു. 1930 ൽ ദണ്ഡി മാർച്ച് നടത്തി. 1942 ൽ ക്വിറ്റിന്ത്യാ സമരം നടത്തി. 1947 ൽ ഇന്ത്യ സ്വതന്ത്രയായി. അതോടൊപ്പം നടന്ന വിഭജനത്തിൽ മനംനൊന്ത് ഗാന്ധിജി ഉപവാസം ആരംഭിച്ചു. 1948 ജനുവരി 30 ന് ബിർളാ മന്ദിരത്തിൽ നടന്ന പ്രാർത്ഥനാ യോഗത്തിൽ വച്ച് ഒരു മതഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചുകൊന്നു.

*അദ്രിജ വിനോദ് 9c*

# കേരളം കണ്ട മഹാപ്രളയം

ലേഖനം

ഇതുവരെ കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയമാണ് കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് നമ്മൾ കടന്നുപോയത്.   കേരളത്തെ ഒന്നടങ്കം നടുക്കിയ പ്രളയമായിരുന്നു അത്.   നാം ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത മഹാപ്രളയം. അതിൻഫലമായി ഒട്ടനവധി നാശനഷ്ടങ്ങളും ഉണ്ടായി.  പല ജീവനുകളും പൊലിഞ്ഞു. കേരളം തന്നെ മുങ്ങിയ  അവസ്ഥയിലായിരുന്നു അത്.   കടലേതാണ് കരയേതാണ് എന്നറിയാതെ പകച്ചുനിന്നു പലരും.   ഇതിനുമുമ്പ് എല്ലാവർക്കും  അവനവന്റെ കാര്യത്തിൽ മാത്രമായിരുന്നു ശ്രദ്ധ. മറ്റുള്ളവരുടെ കാര്യങ്ങൾ അന്വേഷിക്കാൻ ആർക്കും സമയമുണ്ടായിരുന്നില്ല.  തൊട്ടടുത്ത വീടുകളിൽ കഴിയുന്നവർ ആരെന്നുപോലും അറിയാത്തവരുടെ ഈ കൊച്ചു കേരളത്തിൽ ജാതിയുടെ പേരിലും മതത്തിന്റെ പേരിലും മല്ലടിച്ച് പലരും.  ആ സമയത്താണ് അപ്രതീക്ഷിതമായി പ്രളയം കടന്നുവന്നത്.  പലരും സഹായത്തിനായി കേണപേക്ഷിച്ചു. പലരുടെയും വീടുകൾ തന്നെ മുങ്ങിപ്പോയിരുന്നു. അപ്പോഴാണ് അവർ ദുരിതാശ്വാസ ക്യാമ്പിലേക്ക് എത്തിച്ചേർന്നത്.   അവിടെ ഹിന്ദുവെന്നോ മുസ്ലിമെന്നോ ക്രിസ്ത്യൻ എന്നോ വിവേചനം ഉണ്ടായില്ല.   ജാതിമതവർഗ്ഗവർണ്ണ വ്യത്യാസം കാണിച്ചവർ പോലും വിവേചനമില്ലാതെ അവരുടെകൂടെ കഴിഞ്ഞു. അവിടെ എത്തിയപ്പോൾ എല്ലാവരും ഒന്ന്.   അവിടെ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ തരംതിരിക്കാൻ ഉണ്ടായിരുന്നില്ല. ഇനിയൊരു ദുരന്തം വന്നാൽ അതിനെ ഒറ്റക്കെട്ടായി നാമെല്ലാവരും നേരിടുമെന്ന് കേരളീയർ ഉറപ്പുനൽകുന്നു. അവർക്ക് ഒന്നിക്കാൻ ഒരു പ്രളയം തന്നെ വേണ്ടി വന്നു.   അവർ അതിലൂടെ എല്ലാം പഠിച്ചു കഴിഞ്ഞു.

"തിരിച്ചറിവാണ് ഏറ്റവും വലിയ അറിവ്"

*ആര്യനന്ദ ടിഎസ് 9c*

# ഡോക്ടർ എപിജെ അബ്ദുൽ കലാം

ജീവചരിത്രക്കുറിപ്പ്

ഡോക്ടർ എപിജെ അബ്ദുൽ കലാമിന്റെ ജനനം 1931 ഒക്ടോബർ 15 നാണ്. അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽകലാം എന്ന ഡോക്ടർ എ പി ജെ അബ്ദുൽ കലാം ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(2002 മുതൽ 2007 വരെ). പ്രശസ്തനായ മിസൈൽ സാങ്കേതിക വിദഗ്ദനും എഞ്ചിനീയറുമായിരുന്നു അദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച അദ്ദേഹം ബഹിരാകാശ എഞ്ചിനീയറിംഗ് പഠനത്തിനു ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം, ബഹിരാകാശ ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചു. തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെയും ബാലിസ്റ്റിക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും ഡോക്ടർ അബ്ദുൽ കലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിൻറെ സംഭാവനകൾ കണക്കിലെടുത്ത് ഇന്ത്യയുടെ മിസൈൽ മനുഷ്യൻ എന്നാണ് കലാമിനെ വിശേഷിപ്പിക്കാറ്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും ഭരണപരമായും കലാം സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന് രാഷ്ട്രീയകക്ഷി ഇല്ലായിരുന്നു. അദ്ദേഹം അവിവാഹിതനാണ്. 2002 ലെ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടിയുടെയും പ്രധാന പ്രതിപക്ഷ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും പിന്തുണയോടെ അദ്ദേഹം രാഷ്ട്രപതി സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ജനകീയ നയങ്ങളാൽ ജനങ്ങളുടെ രാഷ്ട്രപതി എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25 ന് സ്ഥാനമൊഴിഞ്ഞശേഷം തന്റെ ഇഷ്ട മേഖല മേഖലകളായ അധ്യാപനം, പ്രഭാഷണം, എഴുത്ത്, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇന്തോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ വൈസ് ചാൻസലറും ആയിരുന്നു. 2020 ൽ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള മാർഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതിക വിദഗ്ധൻ മാത്രമായിരുന്നില്ല ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർഥികളുമായി സംവദിക്കുക

എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. apj@abdulkalam.com എന്ന വെബ്സൈററിൽ കലാം സജീവമായിരുന്നതുകൊണ്ട് അദ്ദേഹം ആളുകളുമായി വിശിഷ്യാ വിദ്യാർഥികളുമായി നിരന്തരം സംവദിച്ചു കൊണ്ടിരുന്നു. അഴിമതിവിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഒരു ദൗത്യം അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു. ഷില്ലോങ്ങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ പ്രസംഗിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് കുഴഞ്ഞുവീണ അദ്ദേഹത്തെ തൊട്ടടുത്ത ബദനി ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. 2015 ജൂലൈ 27 ന് 84ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

***അബിയ 9 c***

# ജവഹർലാൽനെഹ്റു

**ജീവചരിത്രക്കുറിപ്പ്**

1889 നവംബർ 14 ന് അഹമ്മദാബാദിൽ ജനനം. ആധുനിക ഇന്ത്യയുടെ ശില്പി എന്ന് വിശേഷിപ്പിച്ചിരുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. ഇന്ത്യൻ സ്വാതന്ത്ര്യ സമര നേതാവ്, രാഷ്ട്രീയ തത്വചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ച നെഹ്റു ആഭ്യന്തര തലത്തിൽ രാജ്യാന്തരതലത്തിൽ ചേരിചേരാനയം അവതരിപ്പിച്ച് ശ്രദ്ധ നേടിയിരുന്നു. മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ആശിസ്സുകളോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണി പോരാളിയായി മാറിയ ഇദ്ദേഹം ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ 1 1947 മുതൽ 1964 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. സോഷ്യലിസത്തിലൂന്നിയ നെഹ്റുവിന്റെ രാഷ്ട്രീയ ദർശനങ്ങളാണ് നാലുപതിറ്റാണ്ടോളം ഇന്ത്യയെ നയിച്ചത്. ലണ്ടനിലെ പ്രശസ്തമായ കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്നുമാണ് നെഹ്റു ബിരുദം കരസ്ഥമാക്കിയ.ത് സർവകലാശാലയിലെ ഇന്നർ ടെമ്പിളിൽ നിന്നും വക്കീൽ ആകുവാനുള്ള പരിശീലനവും നെഹ്റു പൂർത്തിയാക്കി. വിദ്യാഭ്യാസം കഴിഞ്ഞ് ഇന്ത്യയിലേക്കു തിരിച്ചുവന്ന് നെഹ്റു അലഹബാദ് കോടതിയിൽ അഭിഭാഷകനായി ഉദ്യോഗം ആരംഭിച്ചു. ഇക്കാലയളവിൽ അദ്ദേഹത്തിന് രാഷ്ട്രീയത്തോടും താൽപര്യമുണ്ടായിരുന്നു. പതുക്കെ അഭിഭാഷകജോലി വിട്ട് മുഴുവൻ സമയം രാഷ്ട്രീയത്തിലേക്ക് ചേക്കേറി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഇടതുപക്ഷ ചിന്താഗതി വച്ചുപുലർത്തുന്ന വരോടൊപ്പം നിൽക്കാനാണ് നെഹ്റു താല്പര്യപ്പെട്ടത്. തന്റെ മാർഗ്ഗദർശിയായ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ അനുഗ്രഹത്തോടെയും മൗന സമ്മതത്തോടെയും നെഹ്റു കോൺഗ്രസിന് ഏറ്റവും പ്രധാനപ്പെട്ട നേതാവായി മാറി. ബ്രിട്ടനിൽ നിന്നും ഇന്ത്യക്ക് പൂർണ സ്വാതന്ത്ര്യം വേണമെന്ന് ജവഹർലാൽ ഉറക്കെ പ്രഖ്യാപിച്ചു. ഇടതുപക്ഷ പരമായ കോൺഗ്രസിന്റെ നയങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു. 1964 മെയ് 27 ന് ന്യൂഡൽഹിയിൽ അദ്ദേഹം നമ്മോട് വിടപറഞ്ഞു.

*ആദിത്യ 9c*

# അച്ഛനും മകനും

കഥ

മത്തായി ചേട്ടന്റെ മകനാണ് മാനുവൽ. മാനുവൽ ഒരു കൃഷിക്കാരനാണ്. പൊരിവെയിലത്തും അവൻ വിശ്രമമില്ലാതെ പറമ്പിൽ ജോലി ചെയ്യും. അതുകാണുമ്പോൾ മത്തായിച്ചേട്ടൻ മകനെ ശകാരിക്കാറുണ്ട്. "മോനെ അൽപനേരം വിശ്രമിക്ക്" മത്തായിച്ചേട്ടൻ പറയും. "എപ്പോഴാണ് വിശ്രമിക്കേണ്ടത് എന്ന് എനിക്കറിയാം. എന്നെ ആരും ഉപദേശിക്കേണ്ട". മാനുവൽ ദേഷ്യപ്പെടും. അതുകേൾക്കുമ്പോൾ മത്തായിച്ചേട്ടന് സങ്കടം തോന്നാറുണ്ട്. അങ്ങനെയിരിക്കെ മാനുവലിന് ഒരു കുഞ്ഞുണ്ടായി. ഒരു ദിവസം ഉച്ച നേരത്ത് മത്തായിച്ചേട്ടൻ കുഞ്ഞിനെയുംകൊണ്ട് പറമ്പിൽ ചെന്നു. മാനുവൽ നല്ല വെയിലത്ത് പണിയെടുക്കുകയായിരുന്നു.
"കുഞ്ഞിനെ ആ തണലിൽ നിർത്തിക്കൂടെ". മാനുവൽ മത്തായി ചേട്ടനോട് ദേഷ്യപ്പെട്ടു. എന്നിട്ട് ഓടിച്ചെന്നു കുട്ടിയെ വാങ്ങി അടുത്തുള്ള മാവിൻചുവട്ടിൽ ചെന്നിരുന്നു. അതുകണ്ടപ്പോൾ മത്തായിച്ചേട്ടൻ ശാന്തനായി പറഞ്ഞു "നിനക്ക് ഈ കുഞ്ഞ് വെയിലു കൊള്ളുമ്പോൾ ഉണ്ടാവുന്ന വിഷമവും വേദനയും നീ ഈ വെയിലത്ത് നിൽക്കുമ്പോൾ എനിക്കുമുണ്ട് മകനെ." അതിന് നീ എന്നോട് ദേഷ്യപ്പെട്ടതുകൊണ്ട് കാര്യമുണ്ടോ?" ആ ചോദ്യം കേട്ടപ്പോൾ മാനുവലിന് കാര്യം മനസിലായി. പിന്നെ ഒരിക്കലും മത്തായി ചേട്ടനോട് മാനുവൽ ദേഷ്യപ്പെട്ടില്ല.

*അഭിനവ് എം. പി. 9 A*

# അവൾ ദേവു

കഥ

ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് അപരിചിതമായ സ്ഥലം.   അവിടെ കുറെ ആളുകൾ. ദൂരെ മരച്ചുവട്ടിൽ ഒരു ചെറുപ്പക്കാരൻ അവൻ എന്തോ ചിന്തിക്കുകയാണ്.   ഭൂമിയിലെ ജീവജാലങ്ങളെ കുറിച്ച് ഒന്നുമല്ല അവൻറെ ചിന്ത.   പെട്ടെന്ന് അവൻ ഒരു ചോദ്യം കേട്ട് ഞെട്ടലോടെ തിരിഞ്ഞുനോക്കി.  അവന്റെ  അതേ പ്രായമുള്ള ഒരു ചെറുപ്പക്കാരൻ. അവൻ ചോദിച്ചു, "എന്താ ഇവിടെ ഇരിക്കുന്നത്?" അവൻ നിഷേധാർഥത്തിൽ തലയാട്ടി.   അവൻ സ്വയം പരിചയപ്പെടുത്തി, "ഞാൻ ശ്യാം.  നിന്റെ  പേര്?" അവൻ തളർന്ന മുഖത്തോടെ ശ്യാമിനെ നോക്കിക്കൊണ്ട് പറഞ്ഞു, "അർജുൻ." അവൻ ഇടയ്ക്ക് ചിരിക്കുകയും ഇടയ്ക്ക് ശ്യാമിനെ നോക്കുകയും ചെയ്യുന്നുമുണ്ടായിരുന്നു. ശ്യാം ഇതൊന്നുമറിയാതെ പലകാര്യങ്ങളും അർജ്ജുനനോട് സംസാരിച്ചു.  പക്ഷേ അർജുൻ ഒന്നിനും പ്രതികരിച്ചില്ല. അവനോട് ശ്യാം ഗൗരവത്തോടെ ചോദിച്ചു, "എന്താ നീ ആലോചിക്കുന്നത്?" അർജുൻ പറഞ്ഞു, "ഞാൻ ഓർക്കുകയാണ്.  അവളെക്കുറിച്ച്. അവൾ ദേവു. മനസ്സിൽ എന്റെതെന്നുറപ്പിച്ച പെണ്ണ്.  പക്ഷേ അവൾ അറിഞ്ഞിരുന്നില്ല ഞാൻ അവളെ സ്നേഹിക്കുന്നുണ്ട് എന്ന്.  അവൾ പോലുമറിയാതെ   ഞാൻ രക്ഷാകവചം പോലെ പിന്നാലെ ഉണ്ട് എന്ന്. ഞാൻ എൻറെ പ്രണയം അവളോട് തുറന്നു പറഞ്ഞു. പക്ഷേ അവൾ അത് നിഷേധിച്ച് എന്നെ നോക്കി ഒന്നും മിണ്ടാതെ എന്നിൽ നിന്നും നടന്നകന്നു പോയി.   ഒരുപക്ഷേ ഞാൻ മനസ്സിൽ ഒരു ചെറുപുഞ്ചിരിയോടെ ആത്മവിശ്വാസത്തോടെ അവളെന്തെങ്കിലും എൻറെ സ്നേഹം തിരിച്ചറിയുമെന്ന് ഉറപ്പിച്ച് ഞാൻ അവളുടെ പിറകെ പോയി.  പൂക്കൾ തേടി അലയുന്ന ഒരു പൂമ്പാറ്റയെപോലെ അവളുടെ പിന്നാലെ പാറിനടന്നു.   ഒരുദിവസം റോഡരികിൽ നിന്ന ഞാൻ അവളോട് പ്രണയത്തെ കുറിച്ച് വീണ്ടും സംസാരിച്ചു.   അവൾ എന്നോട് ദേഷ്യപ്പെട്ട് കാണുന്നതുപോലും അവൾക്ക് ഇഷ്ടമല്ലെന്നും എന്നോട് വെറുപ്പാണ് എന്നും പറഞ്ഞു.  ഒരുനിമിഷം ഞാൻ കണ്ണടച്ചു തുറക്കുമ്പോഴേക്കും കാണുന്നത് അവൾ രക്തത്തിൽ കുളിച്ച് റോഡിൽനിന്ന് വേദനകൊണ്ട് പുളയുന്നതാണ്. എന്റെ ദേവു, ഞാൻ കാരണം ഇന്നിതാ മരണത്തെയും ജീവിതത്തെയും മുഖാമുഖം കാണുന്നു. ഞാൻ ഓടിച്ചെന്ന്  അവളെ എടുത്ത് ഒരു വാഹനത്തിൽ കയറ്റി അടുത്തുള്ള ആശുപത്രിയിലെത്തി.  അവൾക്ക് ബോധമില്ല. ഞാൻ അവിടെ ആദ്യമായി സ്വയം കുറ്റപ്പെടുത്തി.   അവസാനം ഞാൻ ഒരു തീരുമാനമെടുത്തു എന്തുവിലകൊടുത്തും, എന്റെ ജീവൻ നൽകിയിട്ട് ആയാലും എന്റെ ദേവുവിനെ എനിക്ക് രക്ഷിക്കണം. ഞാൻ ഞാൻ ഡോക്ടറുടെ മുറിയിലേക്ക് ഓടി. ഡോക്ടറോട് കാലുപിടിച്ച് കരഞ്ഞു പറഞ്ഞു,

"ദേവൂവിനെ രക്ഷിക്കണം. എത്ര പണം ചിലവായാലും ഒരു പ്രശ്നവും ഇല്ല. ദേവൂവിനെ തിരിച്ച് ഈ ലോകത്തിന് നൽകണം." ഡോക്ടർ എന്നെ എഴുന്നേല്പിച്ച് പറഞ്ഞു, "ഞങ്ങൾ ശ്രമിക്കാം." ഞാൻ എന്റെ ദേവൂവിനു വേണ്ടി ആ വരാന്തയിൽ കാത്തിരുന്നു. പെട്ടെന്ന് കുറേ കടലാസുമായി സിസ്റ്റർ അടുത്തേക്ക് വന്നു. ഉടൻ സർജറി വേണമെന്നും അവരുടെ ഹൃദയം മാറ്റിവയ്ക്കണം എ പോസിറ്റീവാണ് എന്നും പറഞ്ഞ് അവർ പോയി. ഞാൻ വീണ്ടും അവരുടെ അടുത്തേക്ക് ഓടി. എൻറെ രക്തം എ പോസിറ്റീവാണ്. ദേവൂ ഈ നിലയിലെത്താൻ ഞാനാണ് കാരണം, ഡോക്ടറെ. അതുകൊണ്ട് എൻറെ ഹൃദയം ഞാൻ ദേവൂവിനു വേണ്ടി നൽകാം. നീ എന്താണ് ഈ പറയുന്നത് നിന്നെ കൊന്ന് ഹൃദയം ഞാൻ അവൾക്ക് നൽകണമെന്നാണോ? "അതേ ഡോക്ടർ" . "അർജ്ജുൻ നീ നിന്റെ ജീവൻ ഇല്ലാതാക്കിയിട്ട് അവളെ രക്ഷിക്കാൻ മാത്രം അവൾ നിനക്ക് ആരാണ്?" "അവളെ ഞാൻ ഇഷ്ടപ്പെടുന്നു ഡോക്ടർ. ഒരുപാട്, എന്നെക്കാൾ. പിന്നെ ഡോക്ടറെ ഇനിയൊന്നും പറയരുത്. എനിക്കുവേണ്ടി ഡോക്ടർ ഇത് ചെയ്യണം. ഞാൻ മരിക്കും എന്നറിഞ്ഞിട്ടും എൻറെ ദേവൂവിന് വേണ്ടി മരണത്തിനു കീഴടങ്ങി. ഓപ്പറേഷൻ കഴിഞ്ഞ് ഡോക്ടറും ദേവൂവും കാണുന്നു. " ഡോക്ടർ എനിക്കൊരു കാര്യം പറയാൻ ഉണ്ട്". " എന്താ ദേവൂ ?" "എന്നെ ഒരാൾ പുറകെ നടന്നു ശല്യം ചെയ്യുന്നു. ഒരു അർജ്ജുൻ. അവൻ കാരണം ആണ് ഞാൻ ഈ അവസ്ഥയിലായത്. അവനെ ഞാൻ പ്രേമിക്കണം. അത്ര കാൽക്കാശിനു വകയില്ലാത്ത അവനോടൊപ്പം ജീവിച്ച് എന്റെ ജീവിതം ഞാൻ തുലയ്ക്കണം." " ദേവൂ നിനക്ക് ഒരു കാര്യം അറിയാമോ? നീ ഇന്ന് ഇവിടെ ഇങ്ങനെ ജീവിച്ചിരിക്കുന്നത് അവൻ കാരണമാണ്. അവന് ഞാൻ വാക്കു നൽകിയതാണ്. ഒരിക്കലും നീ ഇക്കാര്യം അറിയരുത് എന്ന്. പക്ഷേ നീ ഇങ്ങനെ അവനെക്കുറിച്ച് പറയുമ്പോൾ എനിക്ക് കേട്ടു നിൽക്കാനാവില്ല. അവൻെ ജീവിതം ബലികഴിച്ചാണ് നിന്നെ ജീവിപ്പിച്ചത്. അവൻ ആ നിമിഷം പറഞ്ഞ വാക്കുകൾ ഇന്നും മനസ്സിലുണ്ട്. പ്രണയം സത്യമായിരുന്നു .പക്ഷേ പ്രണയം മനസ്സിലാക്കാതെ പോയ നിനക്ക് അവന്റെ പേര് ഉച്ചരിക്കാൻ പോലും അവകാശമില്ല . പറ്റുമെങ്കിൽ ആത്മാവിന് നിത്യശാന്തി നേർന്നു കിട്ടാൻ പ്രാർത്ഥിക്ക്." "ഡോക്ടറെ അവൻ മരിച്ചിട്ടില്ല. എന്നോടൊപ്പം ഉണ്ട്, എന്നിലൂടെ അവൻ ജീവിക്കുന്നുണ്ട്. അവൻ മരണം വരെ എന്നോടൊപ്പം ഉണ്ടാകും." ദേവൂ നിറമിഴികളോടെ പറഞ്ഞു.

*അതുൽ K K . 9 D*

# കൂട്ടുകാർ

കഥ

ഒരു സുന്ദരമായ ഗ്രാമം. പൂക്കൾ നിറഞ്ഞ മരങ്ങളാൽ ചുറ്റപ്പെട്ട ഗ്രാമം. ഗ്രാമത്തിലെ ഒരു വീടാണ് കണിമംഗലം വീട്. അവിടുത്തെ ഒരു പെൺകുട്ടിയായിരുന്നു സീത. അവൾ സുന്ദരിയായിരുന്നു. അവൾക്ക് മൃഗങ്ങളെ ഇഷ്ടമായിരുന്നു. പ്രത്യേകിച്ച് പൂച്ചക്കുട്ടികളെ. ഒരിക്കൽ അവളുടെ വീടിന്റെ തട്ടിൻപുറത്ത് അസഹ്യമായ കരച്ചിൽ. അവൾ നോക്കിയപ്പോൾ ഒരു പൂച്ച പ്രസവിച്ചിരിക്കുന്നു. മാലാഖമാരുടെ സൗന്ദര്യമുള്ള മൂന്ന് കുട്ടികൾ. കുറേ ദിവസങ്ങൾക്കു ശേഷം അവർ കളിച്ചു കൊണ്ടിരിക്കുന്നതു കണ്ട് സീത ആശ്ചര്യത്തോടെ നോക്കി. കുറേ കാലങ്ങൾക്ക് ശേഷം കുട്ടികളുടെ അമ്മ ചത്തുപോയി. പിന്നെ 3 പൂച്ച കുട്ടികളെയും പരിപാലിച്ചത് സീതയായിരുന്നു. പാൽ കുടിക്കാൻ കേമന്മാർ ആയിരുന്നു അവർ. സീതയും അവരും വിട്ടുമാറാത്ത കൂട്ടുകാരായി മാറി. സീതയെ രാവിലെ വിളിച്ചുണർത്തും. അനുസരണയുള്ളവയായിരുന്നു അവ. മീൻ കൊണ്ടു വച്ചാൽ അത് നോക്കിനിൽക്കും. സീത കൊടുക്കുമ്പോൾ തിന്നും. സീത സ്കൂളിൽ നിന്നു വരും വരെ കാത്തിരിക്കും. പിന്നെ കളിയായി ,ചിരിയായി. വർഷങ്ങൾ പിന്നിട്ടു. എന്നിട്ടും അവരുടെ സൗഹൃദം നിലച്ചില്ല. പൂച്ച കുട്ടികളുടെ തലമുറയും സീതയോടൊപ്പം വളർന്നു കൂട്ടുകാരായി മാറി.

***അതുല്യ വിനോദ്. കെ.കെ 9 A***

# എന്നും എങ്ങനെയും

കഥ

ഒരു വലിയ നഗരം. അവിടെ അടുത്തടുത്തായി ധാരാളം അയൽ വീടുകളുണ്ടായിരുന്നു. അവർ പരസ്പരം കാണുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല. കാരണം അവർ വളരെ അധികം അസൂയാലുക്കൾ ആയിരുന്നു. ഒരു വീട്ടുകാർ ബൈക്ക് വാങ്ങിയാൽ പിറ്റേദിവസം തന്നെ അടുത്ത വീട്ടിലുള്ളവർ ഒരു കാർ വാങ്ങും. അവർ അങ്ങനെയായിരുന്നു. പരസ്പരം മിണ്ടാതെയും അവർ മറ്റാരെക്കാളും പണക്കാരൻ ആവുക എന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം പാഞ്ഞു. രണ്ടു വീടുകളിലുമുള്ള കുട്ടികൾ പരസ്പരം കളിക്കുന്നതും സംസാരിക്കുന്നതുമൊന്നും വീട്ടിലെ മാതാപിതാക്കളും ഇഷ്ടപ്പെട്ടിരുന്നില്ല. അവർ കുട്ടികളെ ശകാരിച്ചു. അവരുടെ സ്വഭാവം തന്നെ അവർ കുട്ടികളിലും വളർത്തിയെടുത്തു.
ഒരു സുപ്രഭാതത്തിൽ നാടിനെ നടുക്കി ആ സംഭവം. അവർ പോലുമറിയാതെ ഒരു മഹാപ്രളയം. ജനിച്ച നാൾമുതൽ അടിച്ചു കൂട്ടി കെട്ടിപ്പടുത്തത് എല്ലാം ഒറ്റ നിമിഷം കൊണ്ട് വെള്ളത്തിലായി. ജീവനേക്കാൾ പ്രാധാന്യം കല്പിച്ച പണവും പ്രശസ്തിയും എല്ലാം ഒരു നിമിഷം കൊണ്ട് വെള്ളത്തിലായി. വീട്ടിൽ നിറയെ വെള്ളം കയറി. റോഡും വീടും കാണാത്ത വെള്ളം. കക്കൂസ് ടാങ്കിൽനിന്ന് മലിനജലം നിറഞ്ഞൊഴുകാൻ തുടങ്ങി. അതിലൂടെ പല മാരകരോഗങ്ങളും തിരയുടെ വേഗത്തിൽ പടർന്നു. എവിടേക്കെന്നില്ലാതെ ജനങ്ങൾ ജീവനു വേണ്ടി പരക്കം പാഞ്ഞു. ഒടുവിൽ അവർ ദുരിതാശ്വാസ ക്യാമ്പിലേക്ക് താമസം മാറി. പണക്കാരൻ ഓവനില്ലാതെ എല്ലാവരും ഒരു നേരത്തെ അന്നത്തിനു വേണ്ടി പരസ്പരം മല്ലടിച്ചു. കിടപ്പാടം നഷ്ടപ്പെട്ട് അവർ ഒന്നര മാസത്തോളം ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചു. അങ്ങനെ പരസ്പരം കാണാത്തവരും മിണ്ടാത്ത വരും പണത്തെയും ജീവിതത്തെയും അറിഞ്ഞ് പെരുമാറാൻ തുടങ്ങി. ഭൂമിയിൽ ജനിച്ചിട്ടുണ്ടെങ്കിൽ മരണം തീർച്ചയായും സംഭവിക്കും. ജനനത്തിനും മരണത്തിനുമിടയിലുള്ള കാലയളവാണ് ജീവിതം. അത് നന്നായി ജീവിച്ചു തീർക്കുക.

*ഫിന. ടി. പി. 9C*

# വഴിതെറ്റുന്ന പുതുതലമുറ

കഥ

നിറയെ വൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞുനിൽക്കുന്ന ഒരു ഗ്രാമം. കുന്നുകളും പുഴകളും കൊണ്ട് സമൃദ്ധമാണ് അവിടം. അങ്ങനെയൊരു ഗ്രാമത്തിലാണ് അശ്വൻ ജീവിക്കുന്നത്. അച്ഛനും അമ്മയും അടങ്ങുന്ന ഒരു ചെറിയ സ്വർഗ്ഗമാണ്അവന്റെ വീട്. അവന്റെ അച്ഛന് അസുഖം ആയത് കൊണ്ട് കിടപ്പിലാണ്. അതുകൊണ്ട് അവന്റെ അമ്മയാണ് കുടുംബം മുന്നോട്ട് കൊണ്ടുപോകുന്നത്. അശ്വൻ ഒരു പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. നല്ലതുപോലെ പഠിക്കും. എല്ലാ വിഷയത്തിലും എ പ്ലസ്. ആണ് പഠനത്തിൽ മാത്രമല്ല, കായിക പ്രവർത്തനങ്ങളിലും അവനാണ് ഒന്നാമൻ. ഇങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു വരികയായിരുന്നു. അപ്പോഴാണ് പെട്ടെന്നത് സംഭവിച്ചത്. ആ വർഷം അവസാനം അവർ പത്താംക്ലാസ് കഴിയുന്ന അവസാനത്തെ പരീക്ഷയും കഴിഞ്ഞു സെൻറ് ഓഫ് ആഘോഷിക്കുന്ന ദിവസം എത്തി. അന്ന് അവൻ വളരെ സന്തോഷത്തോടെയായിരുന്നു സ്കൂളിലേക്ക് വന്നത്. അപ്പോൾ അവന്റെ സഹപാഠികളായ ചില കുട്ടികൾ അവനെ സമീപിച്ചു. അന്നവർ വേറെ ഉദ്ദേശത്തോടെയായിരുന്നു വന്നത്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിരുന്ന അവരുടെ മനസ്സിൽ അശ്വ നോടുള്ള പകയായിരുന്നു. അവൻ എല്ലാറ്റിനും നന്നാവുന്നത് അവർക്ക് ഇഷ്ടമല്ലായിരുന്നു. പാവം അശ്വൻ. ഇതൊന്നും അറിയില്ലായിരുന്നു. അവരുടെ കപട സ്നേഹത്തിൽ അവൻ അലിഞ്ഞുപോയി. അപ്പോൾ അവരിൽ ഒരാൾ ഒരു പൊതി നൽകി. എന്നിട്ട് അത് കഴിക്കാൻ ആവശ്യപ്പെട്ടു. അത് എന്തിനാണെന്ന് അവൻ ചോദിച്ചു. അവർ പറഞ്ഞത് ഇങ്ങനെയാണ് ഇത് കഴിച്ചാൽ കൂടുതൽ പഠിക്കാൻ ഉന്മേഷം ലഭിക്കും. അപ്പോൾ അവൻ അത് കഴിച്ചു. ലഹരി ആയിരുന്നു അതെന്ന് അവന് അറിയില്ലായിരുന്നു. അങ്ങനെ അവൻ ലഹരിക്ക് അടിമയായി. കുറേ ദിവസങ്ങൾ കടന്നുപോയി. അപ്പോഴും അവന് ഈ സ്വഭാവം ഇല്ലായിരുന്നു. എത്ര കഷ്ടപ്പെട്ടും സുഹൃത്തുക്കൾ അവന് അത് നൽകിയിരുന്നു. ഈ സമയത്താണ് അവരുടെ റിസൽട്ട് വന്നത്. അവന് എല്ലാ വിഷയത്തിനും എ പ്ലസ് ആയിരുന്നു. അച്ഛനും അമ്മയും വളരെയധികം സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തു. അപ്പോഴും അവർക്ക് ഒരേ

ഒരു വിഷമം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അവന്റെ സ്വഭാവം മാറുന്നതായി അവർക്ക് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആരോടും ഒരു ദയയും ഇല്ലാതെ അവൻ പെരുമാറി. സ്വന്തം മാതാപിതാക്കളെയും അവഗണിച്ചു തുടങ്ങി. ഇങ്ങനെയിരിക്കെയാണ് പ്ലസ് വണ്ണിലെ ആദ്യ എക്സാം വന്നത്. ഒന്നാമനായ അവൻ ഇപ്പോൾ ഒന്നുമല്ലാതായി. ഒരു ദിവസം സ്കൂൾ വിട്ട് അവൻ വീട്ടിലെത്താൻ വളരെയധികം വൈകി. മകനെ കാണാതെ ആ പാവം സ്ത്രീ വളരെയധികം വിഷമിച്ചു. അങ്ങനെ സന്ധ്യയായി. അവൻ വീട്ടിലേക്കു വന്നു. അവനോട് അമ്മ വൈകിയത് എന്താണെന്ന് തിരക്കി. മോനെ നീ ഇത്ര നേരം എവിടെയായിരുന്നു? നിന്നെ കാണാതെ അമ്മ എത്ര വിഷമിച്ച് എന്നും. ഇങ്ങനെ പറഞ്ഞു അമ്മ അവനെ ചേർത്തു നിർത്തി. കൈ തട്ടിമാറ്റി കൊണ്ട് അവൻ പറഞ്ഞു

മാറി നിൽക്ക്. എൻറെ കാര്യങ്ങൾ നോക്കാൻ എനിക്കറിയാം. നിങ്ങൾ ഇതിൽ ഇടപെടേണ്ടതില്ല. ഇങ്ങനെ പറഞ്ഞു അവൻ അകത്തേക്ക് പോയി. ഇതെല്ലാം അവൻറെ അച്ഛൻ അകത്തുനിന്ന് കേൾക്കുന്നുണ്ടായിരുന്നു. അവർ രണ്ടുപേരും വളരെ നേരം കരഞ്ഞു. അപ്പോൾ താൻ ചെയ്തത് തെറ്റായിപ്പോയി എന്ന് അവന് മനസ്സിലായി. അവൻ അവരുടെ അരികിലേക്ക് ചെന്ന് മാപ്പുപറയുകയും ചെയ്തു. പിന്നെ അവൻ നടന്നതെല്ലാം തുറന്നു പറഞ്ഞു. അപ്പോഴാണ് അത് ലഹരി വസ്തു ആയിരുന്നു എന്ന് അവന് മനസ്സിലായത്. ആ നിമിഷം തന്നെ അവന് വെറുപ്പ് തോന്നി. അപ്പോൾ ആ അമ്മ നിറകണ്ണുകളോടെ ഇങ്ങനെ പറഞ്ഞു. ഇനി അങ്ങനെ ഒന്നും ചെയ്യരുത്. നല്ലതുപോലെ പഠിക്കണം. ഇതൊക്കെ പറഞ്ഞപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കുറച്ചുനേരത്തെ സുഖത്തിനുവേണ്ടി ചെയ്യരുതായിരുന്നു എന്നവന് തോന്നി ഭൂതകാലത്തെ. അവൻ മറന്നു. ഇനി ആ കാലത്തിലേക്ക് തിരികെ പോവില്ലെന്ന് അവൻ പ്രതിജ്ഞചെയ്തു. കഴിഞ്ഞതൊക്കെ വെറും സ്വപ്നമായിരുന്നു എന്ന് കരുതി അവൻ പുതിയ അശ്വനായി മാറി.

*ആര്യ നന്ദ ടി. എസ്. 9c*

# വാർദ്ധക്യകാലം

കഥ

ഒരു ശ്രാവണമാസത്തിലെ പുലർകാലം. ഞാൻ പുലർച്ചെ തന്നെ ഉണർന്നു. പുലർച്ചെ നല്ല മഴയുണ്ടായിരുന്നു. ശ്രാവണമാസം മഴക്കാലത്തിന്റെ ആരംഭഘട്ടം ആണല്ലോ. ഞാനും ഏട്ടനും ഏട്ടത്തിയും അവരുടെ മക്കളും മാത്രമാണ് വീട്ടിലുള്ളത്. കഴിഞ്ഞദിവസം ചേട്ടനും കുടുംബവും ഏട്ടത്തിയുടെ നാട്ടിലേക്ക് പോയി. അതുകൊണ്ട് വീട്ടിൽ ഞാൻ ഒഴികെ ആരും ഉണ്ടായിരുന്നില്ല. പെട്ടെന്ന് എനിക്കൊരു കാപ്പി കുടിക്കാൻ മോഹം . ഉടനെ അടുക്കളയിൽ കയറി കാപ്പിയിട്ടു. കോലായയിൽ ഒരു ചാരുകസേരയിൽ ഇരുന്നു ഞാൻ കാപ്പി കുടിക്കാൻ തുടങ്ങി. സമയം ഒൻപതു മണിയായിട്ടും ഞാൻ അതേ ഇരിപ്പ് തുടർന്നു .മഴ തോർന്നു. പത്ത് മണിയായപ്പോൾ മുറ്റത്തിറങ്ങി. വരമ്പിലേക്ക് ഞാൻ കണ്ണുംനട്ട് നിന്നു.

നാളുകൾ കുറെ കഴിഞ്ഞു. ഏട്ടൻറെ മകൾ മീനാക്ഷിയുടെ പിറന്നാൾ വന്നെത്തി. എല്ലാവർഷവും അവളുടെ പിറന്നാൾ ഞങ്ങൾ ആഘോഷിച്ചിരുന്നു. ഇപ്രാവശ്യം അവളുടെ പിറന്നാൾ മറ്റുള്ളവർക്കും ഉപകാരപ്പെടണം എന്ന് ഞങ്ങൾക്ക് തോന്നി. ഈ പ്രാവശ്യം ഞങ്ങൾ ഒരു വൃദ്ധസദനം കണ്ടെത്തി. വൃദ്ധന്മാരെ സംരക്ഷിക്കുന്ന കേന്ദ്രം. ഏട്ടൻറെ മകളുടെ പിറന്നാൾ ദിവസം വൃദ്ധാലയത്തിൽ വസിക്കുന്ന എല്ലാ അച്ഛനമ്മമാർക്കും ഭക്ഷണവും ഓരോ ജോഡി വസ്ത്രവും നൽകി. എല്ലാവർക്കും ഞങ്ങൾ വേണ്ടുവോളം ഭക്ഷണം വിളമ്പി. എല്ലാവരും കഴിച്ചു കഴിഞ്ഞു. ഇതിൽനിന്നെല്ലാം അകന്നുനിന്ന് അലസമായി ഇരിക്കുന്ന ഒരു അമ്മയെ ഞാൻ ശ്രദ്ധിച്ചു. മെലിഞ്ഞ ശരീരം, ചുളിഞ്ഞ നരച്ച മുടിയും ആയിരിക്കുന്ന ഒരമ്മ. അമ്മ വിദൂരതയിലേക്ക് നോക്കി നിൽക്കുകയായിരുന്നു. ഞാൻ അമ്മയെ വീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. അതിനുശേഷം അമ്മയുടെ അടുത്തേക്ക് ചെന്നു. ഞാൻ രാമകൃഷ്ണൻ എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തി. അമ്മ എന്നെ നോക്കി. ഞാൻ ചോദിച്ചു "അമ്മയുടെ പേരെന്താ ?" "ഞാൻ ഭവാനിയമ്മ". ഭവാനിയമ്മ എന്തിനാണ് വിഷമിച്ചിരിക്കുന്നതെന്ന് ഞാൻ ചോദിച്ചു. അമ്മ പെട്ടെന്നു മറുപടി പറഞ്ഞു. "ഞാൻ എൻറെ മകനെ കുറിച്ച് ഓർക്കുകയാണ്. ഏതാണ്ട് രാമകൃഷ്ണന്റെ അത്രയും പ്രായം ഉണ്ടാകും." "മകന് എന്തുസംഭവിച്ചു?" ഞാൻ ചോദിച്ചു. "മകന് ഒന്നും സംഭവിച്ചില്ല. പക്ഷേ അവരുടെ സ്വഭാവം വളരെയേറെ മാറിപ്പോയി. എൻറെ വീട് തൃശ്ശൂർ ജില്ലയിൽ

ആയിരുന്നു താഴെ വളപ്പിൽ അകംവീട്. അവിടുത്തെ ഏറ്റവും വലിയ പ്രമാണിയായ വാസുദേവൻനായരുടെ ഒരേ ഒരു മകൾ- ഭവാനി. അച്ഛന്റെ ഓമന പുത്രി. എനിക്ക് 20 വയസ്സാകുമ്പോഴേക്കും അച്ഛൻ എന്നെ അമ്മാവൻറെ മകൻ ശേഖരൻ നായർക്ക് വിവാഹം ചെയ്തുകൊടുത്തു. ഞങ്ങൾക്ക് ഒരു മകൻ പിറന്നു ശ്രീരാഗ്. അമ്മയെ ആയിരുന്നു അവന് ഏറെ ഇഷ്ടം. അമ്മയുടെ പുണ്യം കണ്ടവൻ. അമ്മയെ ദ്രോഹിക്കാതെ കുസൃതിക്കാരനായ എന്റെ മകൻ. പക്ഷേ അവൻ വിവാഹത്തിനു ശേഷം അമേരിക്കയിലേക്കു താമസം മാറ്റി. അവന് അമ്മയെയും അച്ഛനെയും വേണ്ടാതായി. കുറേക്കാലം കഴിഞ്ഞ് എൻറെ ഭർത്താവിന് കാൻസർ എന്ന മഹാ രോഗം പിടിപെട്ടു. അധികം കാലം നീണ്ടു നിൽക്കാതെ അദ്ദേഹം എന്നെ വിട്ടു പോയി. പിന്നീട് എന്റെ മനസ്സ് മരവിച്ചതുപോലെ ആയി. കുറച്ചു ദിവസം കഴിഞ്ഞ് ഒരു ഫോൺകോൾ വന്നു. അത് എൻറെ മകൻ ആയിരുന്നു. അവൻ കുടുംബത്തോടൊപ്പം നാട്ടിലേക്ക് വരുന്നു എന്ന്. ഞാൻ അതുകേട്ട് ഒരുപാട് സന്തോഷിച്ചു. പറഞ്ഞതുപോലെ അവൻ അധികം വൈകാതെ നാട്ടിൽ എത്തി. പക്ഷേ അത് അമ്മയെ കാണണം എന്ന ഉദ്ദേശത്തോടെ ഒന്നുമല്ലായിരുന്നു. വൃദ്ധയായ അമ്മ-ആർക്കു കാണണം അല്ലേ. അവൻ വന്നത് നാട്ടിലുള്ള എല്ലാ സ്വത്തുക്കളും വിൽക്കാനായിരുന്നു. എല്ലാം അവന് എഴുതിക്കൊടുത്തു. അവൻറെ കാര്യം കഴിഞ്ഞപ്പോൾ അവൻ എന്നെ ഇവിടെ കൊണ്ടാക്കി. ഞാൻ മനസ്സിൽ പോലും കരുതിയിരുന്നില്ല അവൻ എന്നോട് ഇങ്ങനെ ചെയ്യുമെന്ന്. "അമ്മ വിഷമിക്കേണ്ട. അമ്മയുടെ മകന് ആദ്യം അമ്മയോട് സ്നേഹമുണ്ടായിരുന്നു. പക്ഷേ ഇന്ന് ആ സ്നേഹം നിർജീവമായി രിക്കുന്നു. ഇത്രയും പറഞ്ഞ് ഞാൻ ആ അമ്മയുടെ അടുത്ത് നിന്നും മടങ്ങി. ഇന്നത്തെ തലമുറ തൻറെ അച്ഛനമ്മമാരുടെ സ്നേഹം അളന്നല്ല, അച്ഛനമ്മമാരുടെ സ്വത്തിന്റെ അളവ് ത്രാസിലിട്ട് അളന്നാണ് അവരവരുടെ അച്ഛനമ്മമാരെ സ്നേഹിക്കുന്നത്. അതാണ് ചരിത്രം . അച്ഛനമ്മമാർക്ക് വാർധക്യത്തിൽ മക്കളുടെ സ്നേഹത്തിൻറെ തണലാണ് ആവശ്യം. അല്ലാതെ ഓരോ സ്ഥലത്തിനും കാണപ്പെടുന്ന വൃക്ഷങ്ങളുടെ തണൽ അല്ല. വാർദ്ധക്യം എന്നത് എല്ലാ മനുഷ്യരുടെയും രണ്ടാം ബാല്യമാണ്. എന്ന് പുതു തലമുറകളും ഒന്നോർക്കണം. ഇന്ന് നിങ്ങളുടെ പൂർവികർ വാർദ്ധക്യം വരെ നാളെ അത് നിങ്ങളെ തേടി വരും. അതിൽനിന്ന് ആർക്കും മരണത്തിലൂടെ യല്ലാതെ ഒഴിഞ്ഞുമാറാൻ കഴിയില്ല. അതാണ് സത്യം. വാർദ്ധക്യം എന്നത് നിങ്ങളെയും തേടി വരും. അത് ഓർക്കുക.

# മൈസൂരിലേക്ക് ഒരു യാത്ര

യാത്രാ വിവരണം

ജനുവരി 2 ബുധനാഴ്ച രാത്രി 10 മണിക്കാണ് മൈസൂരിലേക്കുള്ള എൻറെ യാത്രപുറപ്പെട്ടത്.പുറപ്പെടുമ്പോൾ എനിക്ക് വളരെയേറെ സന്തോഷം ആയിരുന്നു ഞങ്ങളുടെ യാത്രക്കിടയിൽ ഡ്രൈവർ ബസ്സിൽ പാട്ട് വെച്ചുതന്നു.ഉത്സാഹത്തോടെ ഞങ്ങൾ ഡാൻസ് കളിക്കാൻ തുടങ്ങി.കുറേ കളിച്ചു ക്ഷീണിച്ചപ്പോൾ ഞങ്ങൾ ഓരോരുത്തരായി സീറ്റിലേക്ക് മടങ്ങി.എൻറെ കൂടെ എൻറെ അതേ പ്രായത്തിലുള്ള രണ്ടു കൂട്ടുകാരും ഉണ്ടായിരുന്നു.എൻറെ ക്ലാസിൽ പഠിക്കുന്ന ശിവമാനസയും ദെദുരാജും. പിന്നെ എൻറെ അനുജത്തിയുടെ പ്രായമുള്ള കുറെ കുട്ടികളും.ഞങ്ങളുടെ യാത്ര എൻറെ അമ്മയുടെ യൂറോപ്പിലുള്ള ചേച്ചിമാരോടും അയൽവാസികളോടും കൂടെ ആയിരുന്നു.ഞങ്ങൾ കാട്ടിൽ കൂടി വരുമ്പോൾ ഡ്രൈവർ പാട്ട് നിർത്തി.ആ കാട്ടിൽ കുറെ വന്യജീവികൾ ഉണ്ടായിരുന്നു.ഇടയ്ക്ക് ഞങ്ങൾ ആനയെ കണ്ടു.ക്ഷീണത്താൽ ഞാൻ അമ്മയുടെ മടിയിൽ ഇരുന്നു കുറച്ചുനേരം ഉറങ്ങി.പിന്നീട് ഒന്ന് ഫ്രഷ് ആകാൻ കാട്ടിക്കുളം എന്ന സ്ഥലത്ത് ഇറങ്ങി.വീണ്ടും മൈസൂർക്ക് തിരിച്ചു.വൈകുന്നേരം നാലുമണിയോടെ മൈസൂരിലെത്തി.6 മണി വരെ ബസ്സിൽ തന്നെ ഉറങ്ങി.അവിടെ ഒരു ലോഡ്ജിൽ ആയിരുന്നു വിശ്രമം.ഏഴ് മണിയോടെ എല്ലാവരും റെഡിയായി പുറത്തിറങ്ങി.ആദ്യമായി ഒരു പള്ളി സന്ദർശിച്ചു.കുറെ ഫോട്ടോകൾ എടുത്തു.പള്ളിയിൽ നിന്നിറങ്ങുമ്പോൾ ഒരു കൊ കൊന്തയും മുല്ലപ്പൂവും വാങ്ങി.പിന്നീട് ഞങ്ങൾ മൃഗശാലയിലേക്ക് പോയി.അവിടെ പലതരത്തിലുള്ള പക്ഷികളേയും മൃഗങ്ങളേയും ഒക്കെ കണ്ടു.ഒട്ടകപക്ഷി,സിംഹം, ആന തുടങ്ങി ഒട്ടേറെ മൃഗങ്ങളെ കണ്ടു,തുടർന്ന് ഞങ്ങൾ പാലസ് കാണാൻ പോയി.അവിടം വളരെ മനോഹരമായിരുന്നു.കുറേ.വിദേശികളും സന്ദർശകരായി ഉണ്ടായിരുന്നു.അതിന്റെ ഉള്ളിൽ തന്നെ ഒരു ക്ഷേത്രവും ഉണ്ടായിരുന്നു.രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും.ചിത്രങ്ങളും അവർ ഉപയോഗിച്ച വസ്തുങ്ങളും കാണാൻ കഴിഞ്ഞു.അപൂർവ്വമായ പെയിൻറിംഗ് എന്നെ അത്ഭുതപ്പെടുത്തി.ക്ഷേത്ര ദർശനത്തിനിടെ അവിടുത്തെ തിരുമേനി ഒരു പാത്രം

പോലുള്ള വസ്തു കൊണ്ട് ഞങ്ങളെ അനുഗ്രഹിച്ചു.പാലസിന്റടുത്തുതന്നെ ഒരു ഫ്ലവർഷോ ഉണ്ടായിരുന്നു.ഞങ്ങൾ അവിടെയും പോയി.വളരെ മനോഹരമായി.ആനയെയും മറ്റും പൂക്കൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു.വീടുകൾ,മണിമാളികകൾ,വാദ്യോപകരണങ്ങൾ തുടങ്ങി പലതരത്തിലുള്ള വസ്തുക്കളും പൂക്കൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു.എത്ര മനോഹരം.തുടർന്ന് ഭക്ഷണം കഴിക്കാനായി ഒരു ഹോട്ടലിൽ കയറി.ഭക്ഷണത്തിനുശേഷം നിങ്ങൾ ടിപ്പു സുൽത്താൻറെ സമാധി കാണാൻ പോയി.ടിപ്പു ഉപയോഗിച്ചിരുന്ന ആയുധങ്ങളും ഒക്കെ ആയിരുന്നു അവിടെ പ്രദർശിപ്പിച്ചത്. ഞങ്ങൾ വാട്ടർ ജയിലിൽ പോയി.അവിടെനിന്ന് ഞങ്ങൾ ഐസ്ക്രീം വാങ്ങി കഴിച്ചു.തിരിച്ചുവരുമ്പോൾ ഞാൻ കുതിരയെ കണ്ടു.  അവിടെനിന്ന് ഞാൻ ഒരു തൊപ്പിയും വാളും വാങ്ങി.പിന്നീട് വൃദ്ധസദനത്തിൽ നിന്ന് വൃന്ദാവനം കാണാൻ പോയി. അവിടെ വളരെ മനോഹരമായിരുന്നു ഫൗണ്ടനുകളും ഒക്കെയാണ് അവിടെ ഫൗണ്ടൻ അവിടെ പാർക്കും ഒക്കെയാണ് ഉള്ളത്.അവിടെ വളരെ മനോഹരമാണ്.പിന്നീട് അവിടെ വാട്ടർ മ്യൂസിക് ഉണ്ടായിരുന്നു.വെള്ളത്തിൽ ലൈറ്റ് ഇട്ടു അവിടെനിന്ന് കുറേ സാധനങ്ങൾ വാങ്ങി.പിന്നീട് ഒരു ക്ഷേത്രദർശനം നടത്തി.അവിടെ ക്ഷേത്രത്തിൻറെ മുകളിൽ കുറെ കുരങ്ങന്മാർ ഉണ്ടായിരുന്നു.അവിടെ ഉള്ള പശുക്കളെയും കെട്ടി ഇല്ലായിരുന്നു.പിന്നീട് ഞങ്ങൾ വീണ്ടും ഭക്ഷണം കഴിച്ച് ഞങ്ങൾ നാട്ടിലേക്ക് തിരികെ പുറപ്പെട്ടു.അടുത്ത ദിവസം പുലർച്ചെ നാല് നാലര മണി ആകുമ്പോഴേക്കും ഞങ്ങൾ വീട്ടിൽ തിരിച്ചെത്തി.

***കർണിമ PC 9 B***

# വൈലോപ്പിള്ളി ശ്രീധരമേനോൻ

ജീവചരിത്രക്കുറിപ്പ്

ജീവിതയാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകളെഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. 1911 മെയ് 11 ന് എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിൽ കൊച്ചുകുട്ടൻ കർത്താവിനെയും നാണിക്കുട്ടിയമ്മയുടേയും പുത്രനായി ജനിച്ചു.സസ്യ ശാസ്ത്രത്തിൽ ബിരുദമെടുത്തതിനുശേഷം

1031ൽ അധ്യാപന വൃത്തിയിൽ പ്രവേശിച്ചു. ഭാനുമതി അമ്മയെ വിവാഹം ചെയ്തു. രണ്ട് ആൺമക്കൾ- ശ്രീകുമാർ,വിജയകുമാർ.

1966 ഹൈസ്കൂൾ പ്രധാന അധ്യാപകനായി വിരമിച്ചു.

വൈലോപ്പിള്ളിയുടെ മാമ്പഴത്തിലൂടെ മലയാളി അനുഭവിച്ചറിഞ്ഞ ആ പുത്രദുഃഖം ഒരുപക്ഷേ ഭൂമിയുടെ അനശ്വരമായ മാതൃത്വത്തിൽ തിരിച്ചുപോയ പുത്രന്മാരുടെയും ജനപദങ്ങളുടെയും ഖേദം ഉണർത്തുന്നു. 1985 ഡിസംബർ മാസം 22-ന് അന്തരിച്ചു.

പ്രധാന കൃതികൾ: മാമ്പഴം , സഹ്യന്റെ മകൻ, കൈരേഖ.

# ജീവിത യാഥാർത്ഥ്യം

കവിത

ആരോമൽ പൈങ്കിളി നീ വന്നണയൂ

മെല്ലെ.......പാറി നടക്കൂ മന്ദം മന്ദം
കസ്തൂരിമലരിന്റെ മധുമാസവർണ്ണങ്ങൾ

തേടുന്ന നീന്നെയത്ര കാലങ്ങളായ്......
തേടി അലയുകയാണ നിന്നെ ഞാൻ

എൻ സ്വപ്നരാഗമേ നീ.....................

മറന്നുപോയ രാഗങ്ങൾ തേടിയല-

യാൻ പോരുന്നുണ്ടോ നീ..................
രാഗ ഭാവ താളമായി നീ വന്നണയുന്നുണ്ടോനീ

സ്വപ്ന രാഗത്തിൽ.

*അഭിജിത്ത് ബാബു IX A*

# ഒറ്റപ്പെട്ടവരുടെ കഥ

കഥ

വാർദ്ധ്യക്യത്തിൽ ഒറ്റപ്പെട്ടവർക്ക് അവരുടെ നല്ല ഓർമ്മകളുമായി ജീവിക്കാനുള്ള വീടാണ് വൃദ്ധസദനം.അങ്ങനെയൊരു വീട്ടിലാണ് എന്റെ കഥ തുടങ്ങുന്നത്.

സമയം രാവിലെ എട്ട് മണിയാകുന്നു.ഞങ്ങൾ ഒരു ട്രിപ്പിന്റെ ഭാഗമായാണ് ഇവിടെ എത്തുന്നത്.തണൽ എന്ന ഈ സദനം പ്രകൃതി രമണീയമായിരുന്നു. ചുറ്റും തണുത്ത കുളിർ കാറ്റ്. ആ തണലിനെ ഒരു ആൽമരം തന്റെ മൃദുവായ പച്ചിലയാൽ പൊതിഞ്ഞിരുന്നു. ഈ ആൽമരം വാർദ്ധ്യക്യത്തിൽ അവർക്ക് സ്നേഹവും തണലും നൽകുന്നു. അവിടെ എത്തിയപാടെ അവ എന്നേയും മൃദുവായി തഴുകിയതുപോലെ തോന്നി. എന്റെ കൂടെയുണ്ടായുരുന്നവരെല്ലാം പല വഴിയിൽ ആരെയൊക്കെയോ തേടിപ്പോയി. അപ്പോഴാണ് ഞാൻ കണ്ടത് വാർദ്ധ്യക്യത്തിന്റെ നിഴലിച്ച ഒരു മുഖം അവർ എന്തോ ആലോചിക്കുകയായിരുന്നു. ഞാൻ അടുത്ത് ചെന്ന് കാര്യം തിരക്കി. ആദ്യം തന്റെ കഥ പറയാൻ മടിച്ചെങ്കിലും പറഞ്ഞു തുടങ്ങി.

ഞാൻ ഒരു സ്കൂൾ ടീച്ചറായിരുന്നു. ഒരു പാട് കുരുന്നുകൾക്ക് വിദ്യ പറഞ്ഞ് കൊടുത്ത ടീച്ചർ. അപ്പോഴാണ് എനിക്ക് മനസ്സിലായത് എനിക്ക് മുന്നിൽ ഒരു ടീച്ചറാണെന്ന്. ഞാൻ ചോദിച്ചു , 'ടീച്ചർ എങ്ങനെയാ ഇവിടെ എത്തിയത്?' ടീച്ചറുടെ മറുപടി ഇങ്ങനെയായിരുന്നു. 'എനിക്ക് രണ്ട് ആൺമക്കളാണ്. രണ്ടുപേരും ഇപ്പോൾ ഡോക്ടേഴ്സ്. വിവാഹവും കഴിഞ്ഞു. എനിക്ക് വയസ്സായപ്പോൾ അവർക്ക് ഞാനൊരു അധികപറ്റായി . എന്റെ പേരിൽ രണ്ടുപേരും എന്നും വഴക്ക് നിനെക്കെന്താ അമ്മയെ നോക്കിയാൽ ?. എന്നായിരുന്നു രണ്ടുപേരും പരസ്പരം മാറി മാറി ചേദിച്ചുകൊണ്ടിരുന്നത്. അവർ രണ്ടുപേരും കുട്ടികളായിരുന്നപ്പോൾ 'എന്റെ അമ്മയാ' എന്നും പറഞ്ഞായിരുന്നു വഴക്ക്. എന്നാൽ ഇന്ന്....അവരുടെ വഴക്കിന് അവസാനമായത് എന്നെ ഒരു വൃദ്ധസദനത്തിൽ ആക്കുക എന്നതായിരുന്നു. രണ്ടു പേരുടെയും തിരക്കാണ് ഇതിനെല്ലാം കാരണം. ഞാൻ

എവിടെ ആയിരുന്നാലും എന്റെ മക്കൾ എന്നും സന്തോഷത്തോടെ കഴിയണമെന്നാണ് എന്റെ പ്രാർത്ഥന. ഇപ്പോൾ ഞാൻ ആലോചിച്ചത് എന്റെ മക്കളുമൊത്തുള്ള സന്തോഷദിനങ്ങളാണ്.'' അതും പറഞ്ഞവർ തേങ്ങികരയാൻ തുടങ്ങി.

***[എത്ര തന്റെ അമ്മയോട് കലഹിച്ചാലും ദേഷ്യപ്പെട്ടാലും അവരെന്നും നമ്മുടെ നന്മക്കായും സന്തോഷത്തിനായും പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും. നമ്മുടെ ഓരോ കുസൃതികളും അമ്മമാർ ചെറുപുഞ്ചിരിയോടെ എടുക്കും. ഇനിയെങ്കിലും ഒരമ്മയെയും വാക്കുകൊണ്ടുപോലും വേദിനിപ്പിക്കരുത്.]***

***ദേവതീർത്ഥ വി.എം IX - D***

# നാളെ

കഥ

ഏതോ വിഷാദസ്വപ്നത്തിൽ നിന്നു

ഞാൻ  ഉണർന്നു.

എവിടെ എൻ വെൺപ്രാവ് ?
പ്രഭാതത്തിൽ എനിക്കാശംസകൾനൽകുന്ന

എന്റെ വെൺ പ്രാവ് അതെവിടെയാണ്?

ചുറ്റും വെടിയൊച്ചകൾ മുഴങ്ങുന്നു.
അതാ അവർ തിരിച്ചെത്തിയിരിക്കുന്നു

ഹിറ്റ്ലറും മുസ്സോളിനിയും..................

ഇരുട്ടിൽ ചങ്ങലകൾ ഉരസും ശബ്ദം.

ഹേ മനുഷ്യാ ! നീ വീണ്ടും ചങ്ങലയിലോ?
ഈ അന്ധകാരം എന്നെ ചുറ്റി മുറുകുന്ന

പ്രകാശമേ നീ എവിടെയാണ്?

നീയും ഭയക്കുന്നുവോ പീരങ്കികളെ?

*അനാമിക വി ആർ  X B*

# കാഴ്ച

കഥ

ഒരിക്കൽ ഒരു പുള്ളിമാൻ പുഴവക്കിൽ നിൽക്കുമ്പോൾ ദൂരെ നിന്ന് ഒരു ആട്ടിൻ കുട്ടി വരുന്നത് കണ്ടു. പുള്ളിമാൻ പെട്ടന്ന് തിരിഞ്ഞുനോക്കി. വളരെ സങ്കടമായ ഒരു കാഴ്ചയാണ് പുള്ളിമാൻ കണ്ടത് . ഒരു കുറുക്കൻ കോഴിയെ കടിച്ച് വലിച്ച് വരുന്നത് കണ്ട് സങ്കടം തോന്നിയ പുള്ളിമാൻ കുറുക്കന്റെ ഭാഗത്തേക്ക് ഓടി. കുറുക്കൻ കോഴിയെയും കൊണ്ട് പുഴയിൽ ചാടി. അതുകണ്ട പുള്ളിമാനും പുഴയിൽ ചാടി.ഇതെല്ലാം കണ്ടുനിന്ന ആട്ടിൻകുട്ടി കരയാൻ തുടങ്ങി. ആട്ടിൻകുട്ടിയുടെ കരച്ചിൽ കേട്ട് ആട്ടിടയൻ ഓടിവന്നു. അവർ കാണുന്നത് പുള്ളിമാനും കുറുക്കനും വെള്ളത്തിൽ താഴ്ന്നുപോകുന്ന കാഴ്ചയാണ്. കോഴി വെള്ളത്തിൽ നിന്നും പറന്ന് രക്ഷപ്പെട്ടു. ആ ആട്ടിടയൻ ആട്ടിൻ കുട്ടിയെയും കൊണ്ട് വീട്ടിലേക്ക് തിരിച്ച് പോയി.

*ആദിത് ചന്ദ്രൻ IX C*

# വൈലോപ്പിള്ളി ശ്രീധരമേനോൻ

ജീവചരിത്രക്കുറിപ്പ്

ജീവിത യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകൾ എഴുതി ശ്രദ്ധേയമായ മലയാള സാഹിത്യകാരനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. 1911 മെയ് 11 എറണാകുളം ജില്ലയിൽ തൃപ്പൂണിത്തറയിൽ കൊച്ചുകുട്ടൻ കർത്താവിന്റെയും നാണിക്കുട്ടിയമ്മയുടേയും പുത്രനായി ജനിച്ചു. സസ്യശാസ്ത്രത്തിൽ ബിരുദമെടുത്തതിനുശേഷം 1931 ൽ അധ്യാപകവൃത്തിയിൽ  പ്രവേശിച്ചു. ഭാനുമതിയമ്മയെ വിവാഹം ചെയ്തു. രണ്ട് ആൺമക്കൾ ശ്രീകുമാർ, വിജയകുമാർ. 1966-ൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായാണ് വിരമിച്ചത്.

മലയാളിയുടെ ഏറ്റവും സൂക്ഷ്മമായ രഹസ്യങ്ങളിൽ രൂപകങ്ങളുടെ വിരലുകൾക്കൊണ്ട് സ്പർശിച്ച കവിയാണ് വൈലോപ്പിള്ളി. എല്ലാ മരുഭൂമികളെയും നാമകരണം ചെയ്തു മുന്നേറുന്ന അജ്ഞാതനായ പ്രവാചകനെപ്പോലെ മലയാളികളുടെ വയലുകൾക്കും തൊടികൾക്കും സഹ്യപർവ്വതത്തിനും കയ്യുവല്ലിയ്ക്കും മണത്തിനും മഴകൾക്കുമെല്ലാം കവിതയിലൂടെ അനശ്വരതയുടെ നാമം നൽകിയ വൈലാപ്പിള്ളി. കേരളത്തിന്റെ പുൽനാമ്പിനെ നെഞ്ചിലമർത്തിക്കൊണ്ട് എല്ലാ സമുദ്രങ്ങൾക്കും മുകളിൽ വളർന്നു.മാമ്പൂവിന്റെ മണവും കൊണ്ടെത്തുന്ന വൃശ്ചികക്കാറ്റ് മലയാളിയുടെ ഓർമ്മകളിലേക്ക് സങ്കടം കൊണ്ടുവരുന്നു. വൈലോപ്പിള്ളി 'മാമ്പഴ'ത്തിലൂടെ മലയാളി അനുഭവിച്ചറിഞ്ഞ പുത്ര ദു:ഖം . ഒരു പക്ഷേ ഭൂമിയുടെ അനശ്വരമായ മാതൃത്വത്തിലേക്ക്.

1985 ഡിംബർ 22 ന് അന്തരിച്ചു.

അക്ഷയ സി.കെ 9 D

# സായം സന്ധ്യ

കവിത

ഉച്ചയുമല്ലാത്ത രാത്രിയുമല്ലാത്ത
രാവിന്റെ ശോകം തീർത്തു സൂര്യൻ
സൂര്യകിരണങ്ങൾ പൊട്ടിത്തെറിക്കുമ്പോൾ
ആർദ്രതയോടെ നിൽക്കുന്ന ഭൂമി
ഒലി കടലുൽഭവം കാറ്റടിത്തേറുമ്പോൾ
സൂര്യൻ കിഴക്കുദിക്കുന്നു.

സൂര്യന്റെ അസ്തമയ നേരമാകുമ്പോൾ
സായം സന്ധ്യയെത്തുന്നു
അന്തിക്കു വന്നെത്തും വാർമതിയെക്കാൾ
മുന്നെ ആദ്യമേ എത്തിടും സന്ധ്യാംശ ദീപങ്ങൾ

സൂര്യാസ്തമയം കഴിഞ്ഞതിൻ ശേഷം
വാർമതി വരുന്നതിൻ തൊട്ടുമുൻപ്
ഭൂമിക്കു ദർശനം നൽകും സന്ധ്യ

ഭൂമി ഭ്രമണത്തിൻ ദിനാന്ത്യത്തിൽ
ഏകാന്തത തേടുന്ന യാമത്തിൽ
കുളിരേകി യാത്രതേടും സന്ധ്യാംശദീപങ്ങൾ.

ഐശ്വര്യ മുരളി 9 D

# English -An International language

Article

Today English has the status of a global language. Because English is official language of many countries. People all over the world accept it as an International language. People go and come from all corner of the world. They need a common language to communicate . So they select English as a common language.

English language is rich in literature. Most writers written in English language. This richness gives it a unique place among world languages. Today we have inventented modern facilities like computer , internet etc.... In all these English is the most language we use.

In every country, different types of languages are used. Here also English serves as a

common tongue for people to know one another. It is a highly developed language and it is easy to learn . So it is official language in many countries. English has its own role in tourism area. So many come and go to many countries. They want to communicate with people who lived in such countries So they use English language. So we can say English language as the basi factor of tourism area .

English is a learning subject in most schools. A man in modern world cannot live without knowing English. It has a big value. Today in interviews and higher studies, English is an important thing.

All this richness gives a special place for English among the world languages. English has the qualification to accept the place of an international language.

Aranya Babu.9A

# समय का सदुपयोग

लेख

समय का बडा मूल्य होता है। समय किसी के लिए भी रुकता नही, हमेशा चलता ही रहता है । अगर हम किसी चीज को खो देते है तो फिर कभी उसको प्राप्त कर सकते है। लेकिन समय नष्ट हुआ तो फिर कभी उसे लौटाना संभव नहीं है । इसलिए समय का ध्यान हमेशा होना चाहिए ।

अज्ञानी लोग समय का महत्व समझ नहीं पाता और उनको खो बैठते है। अंत में पश्चाताप करने लगते हैं। लेकिन बुद्धिमान लोग हर एक मिनट को अमूल्य समझते हैं। विश्व के महान लोगों ने समय के प्रत्येक क्षण को अमूल्य समझ लिया । फलस्वरूप उन्होंने समय का सदुपयोग करना सीख लिया।

समय को नष्ट करनेवाले कभी उन्नति प्राप्त नहीं कर सकते। हमें अपने जीवन में हर क्षण समय को ध्यान रखना चाहिए। हमारे जीवन में समय को स्वास्थ्य और धन से अधिक महत्व देना चाहिए। यदि आप अच्छे कामों में लगे रहें तो समझिए कि आप ने समय का सदुपयोग किया

है। समय के सदुपयोग से मानव की महत्व भी बढती है।

*मालविका. बि. अजय 9 A*

## സ്റ്റീഫൻ വില്യം ഹോക്കിങ്

ജീവചരിത്രക്കുറിപ്പ്

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനായിരുന്നു സ്റ്റീഫൻ വില്യം ഹോക്കിങ്. നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന് ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ചശാസ്ത്ര വിഭാഗത്തിലെ ഡയറക്ടറായിരുന്നു അദ്ദേഹം. കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1996-ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ വില്യം ഹോക്കിങ് ആ വർഷം തന്നെ റോജൻ പെൻ റോസുമായി ചേർന്ന് സിമിലാരിറ്റീസ് ആൻറ്റ് ദ ജോമട്രി ഓഫ് സ്പേസ് -ടൈം എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദം സ്പ്രൈസ് ലഭിച്ചിരുന്നു.കേംബ്രിഡ്ജ് സർവകലാശാലയിലെ ഗണിതശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു.

*വിഷ്ണു .എം IX D*

# സി വി ശ്രീരാമൻ

ജീവചരിത്രക്കുറിപ്പ്

1933 തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു.കഥാകൃത്ത് രാഷ്ട്രീയ പ്രവർത്തകൻ അഭിഭാഷകൻ കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.ഇദ്ദേഹം ഗ്രാമഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിട്ടുണ്ട്.വാസ്തുഹാര ക്ഷുരസ്യധാര,ഓർമ്മച്ചെപ്പ്,തീർഥക്കാവടി, ദുഃഖിതരുടെ ദുഃഖം,പുറം കാഴ്ചകൾ, തുടങ്ങിയവയാണ് കൃതികൾ .കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2007 ൽ ഇദ്ദേഹം മരണമടഞ്ഞു.

*ലയ ലതേഷ്IX D*

# ഐസക് ന്യൂട്ടൺ

ജീവചരിത്രക്കുറിപ്പ്

ഐസക് ന്യൂട്ടൺ വലിയ ഒരു ശാസ്ത്രജ്ഞനായിരുന്നു. ഭൗതിക ശാസ്ത്രജ്ഞൻ, ഗണിതശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ,ആൽക്കെമിസ്റ്റ്. അദ്ദേഹത്തിന്റെ ജനനം 1643 ജനുവരി 4 നാണ്. ഭൗമോപരിതലത്തിലുള്ള വസ്തുക്കളുടെയും ആകാശഗോളങ്ങളുടെയും ചലനം ഒരേ പ്രകൃതിനിയമങ്ങൾ അനുസരിച്ചായിരുന്ന അദ്ദേഹം തെളിയിച്ചിരുന്നത്. അദ്ദേഹത്തിന്റെ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റി ഓഫ് കേംബ്രിഡ്ജ് സൊസൈറ്റി. അദ്ദേഹം അറിയപ്പെട്ടിരുന്നത് ന്യൂട്ടോണിയൻ മെക്കാനിക്സ് ഗുരുത്വാകർഷണ സിദ്ധാന്തം കാൽക്കുലസ് ഒപ്റ്റിക്സ് എന്നിവയിലൂടെയായിരുന്നു. 1727 മാർച്ച് 31 ഇംഗ്ലണ്ടിൽ വച്ച് മരിച്ചു. പ്രായം 84 . മരിക്കുന്നതു വരെ അദ്ദേഹം ഇംഗ്ലണ്ടിൽ തന്നെയായിരുന്നു.

***ആദിത്ത് എ സി 9 D***

# വാർദ്ധക്യം

**ജീവചരിത്രക്കുറിപ്പ്**

സൂര്യന്റെ വെള്ളിവെളിച്ചം മുഖത്തു തട്ടിയാണ് ഞാൻ എഴുന്നേറ്റത്. പണ്ടത്തെപ്പോലെ നിൽക്കാനും മറ്റു കാര്യങ്ങൾ ചെയ്യാനും ഒരു ഉത്സാഹം ഇല്ല. പ്രായം ആവുകയല്ലേ. ഇനി പണ്ടത്തെ അത്ര ആരോഗ്യം ഒന്നുമുണ്ടാവില്ല. ഇന്ന് ഞങ്ങളുടെ വൃദ്ധസദനത്തിൽ പുതിയ ഒരു അതിഥി കൂടി എത്തിച്ചേർന്നിരിക്കുന്നു. പ്രഭാതഭക്ഷണത്തിന് വിളിച്ചപ്പോൾ ആണ് അവരെ കണ്ടത്. എന്താണ് അവർക്ക് സംഭവിച്ചതെന്ന് അറിയില്ല. എൻറെ കട്ടിലിന് തൊട്ടപ്പുറത്തെ കട്ടിൽ സിസ്റ്റർ അവർക്ക് നൽകി. ഏതാണ്ട് 70- 80 ന ഇടയ്ക്ക് പ്രായമുള്ള സ്ത്രീയാണെന്ന് തോന്നുന്നു. അവർ അവിടെ ഇരുന്നു. ഞാൻ അവരോടു ചോദിച്ചു, " എന്താണ് പേര്?" ആ സ്ത്രീ പറഞ്ഞു," നാരായണി" " ആട്ടെ, നാരായണി എങ്ങിനെ ഇവിടെ എത്തി?" എൻറെ ചോദ്യത്തിനുള്ള ഉത്തരമെന്നോണം അവരുടെ കണ്ണിൽ നിന്ന് ഒരുതുള്ളി കണ്ണീർ കവിളിലൂടെ ഒലിച്ചിറങ്ങി. അത് തുടച്ചുകൊണ്ട് അവർ പറഞ്ഞു. " സിനിമ കാണാൻ എന്നപേരിൽ മക്കളുടെ കൂടെകൂടെ പോയതായിരുന്നു. ചായകുടിക്കാനായി ചായക്കടയ്ക്ക് അടുത്ത് വണ്ടി നിർത്തി അവരെന്നോട് ഇറങ്ങാനും പറഞ്ഞു. പിന്നെ കാണുന്നത് മക്കൾ സഞ്ചരിച്ച കാർ അതി വേഗം ചീറി പായുന്ന താണ്. അതെ എന്നെ മക്കൾ ഉപേക്ഷിച്ചിരിക്കുന്നു. ആരോരും കൂടെയില്ലാതെ ഞാൻ ആ ഗ്രാമ വീതിയിൽ അലഞ്ഞു". ഇത്രയും പറഞ്ഞുകൊണ്ട് അവർ ഉറക്കത്തിലേക്ക് വഴുതി. ഞാൻ എൻറെ മക്കളുടെ കാര്യവും ഓർത്തു. ധനികനായിരുന്ന എൻറെ സ്വത്തുക്കൾ ദാനം ചെയ്യുന്നതു വരെ അവർ എന്നെ കൈവെള്ളയിൽ കൊണ്ടുനടന്നു. ഒടുവിൽ ഈ വൃദ്ധസദനത്തിൽ എത്തി ജീവിതം എന്നന്നേക്കുമായി കൊണ്ട്ഇടുകയും ചെയ്തു.

മൂല്യങ്ങൾക്ക് പ്രാധാന്യം ഇല്ലാത്ത ഇന്നത്തെ കാലത്ത് മാതാപിതാക്കൾ വൃദ്ധസദനങ്ങളിലെ സ്ഥിരം കാഴ്ചക്കാരാണ്. ഒന്നിനും സമയമില്ലാത്ത ഇക്കാലത്ത് നാം മൂല്യങ്ങൾക്ക് ഒരു പ്രാധാന്യവും നൽകുന്നില.

*അശ്വതി വിജയൻ* ***IX B***

## എന്റെ മക്കൾ

കഥ

എന്റെ മക്കളാണ് എന്റെ തണൽ

എൻ ജീവിതം പകർന്നിട്ടും എൻ മക്കളാൽ

നല്ലവരായി വളർന്നിട്ടും എൻ മക്കൾ

എൻ ദുഃഖങ്ങൾ ഒന്നുമറിയാത്ത മക്കൾ

തൻ സുഖങ്ങളിൽ രസിച്ചീടുന്നു

*ജഗൻ അശോക്* ***IXB***

# പ്രവാസി മലയാളി

കഥ

ജീവിത പ്രാരാബ്ധങ്ങൾ തലയിലേറ്റിയ ഒരുപാട് പ്രവാസികൾ ഇന്ന് അറബികളുടെ കീഴിലുള്ള ഗൾഫ് രാജ്യങ്ങളിൽ ഉണ്ട്. അങ്ങനെയൊരു പ്രവാസിയുടെ കഥയാണ് ഇത്. ജീവിതത്തിൻറെ സുഖസൗകര്യങ്ങളിൽ വസിക്കാതെ തൻറെ കുടുംബത്തിനുവേണ്ടി കേരള നാട്ടിൽ നിന്നും ഗൾഫിലേക്ക് യാത്രയായ് അരവിന്ദ്. ഗൾഫിൽ ഒരു അറബിയുടെ കീഴിൽ ജോലിചെയ്യുന്നു. അവിടെ അരവിന്ദ് യാദൃശ്ചികമായി ഒരു സ്ത്രീയെ കണ്ടുമുട്ടുന്നു. ആ സ്ത്രീ ധരിച്ച വസ്ത്രം കണ്ടാൽ അതിൽ ഒരു മനുഷ്യജീവൻ ഉണ്ടെന്ന് പോലും മനസ്സിലാവില്ല. കാരണം ആ സ്ത്രീയുടെ കണ്ണ് ഒഴികെ മറ്റെല്ലാം മൂടി പൊതിഞ്ഞിരുന്നു. പക്ഷേ അതൊന്നും അരവിന്ദ് കാര്യമാക്കിയില്ല. അയാൾ തൻറെ ജോലിയിൽ വ്യാപൃതനായി. അയാൾക്ക് ലഭിച്ചിരുന്നത് തുച്ഛമായ ഒരു മാസ ശമ്പളം ആയിരുന്നു. ഇത്രയധികം ദുഃഖം അനുഭവിച്ചിട്ടും അത് മറ്റാരോടും പറഞ്ഞിരുന്നില്ല. കുടുംബത്തോട് ഒന്നും പങ്കു വച്ചിട്ടില്ല. അതേ തുച്ഛ വേതനത്തിനുവേണ്ടി അയാൾ ജോലിയിൽ തുടർന്നു. മറ്റുള്ളവർ തൻറെ വേദനയിൽ വിഷമിക്കരുത് എന്ന മനസ്സാണ് അതിനുകാരണം. പ്രവാസി മലയാളികളുടെ ഉള്ളിൽ എന്നും വിങ്ങിപ്പൊട്ടുന്ന ദുഃഖം അടിഞ്ഞു കൂടിയിട്ടുണ്ടാകും. ഒരുദിവസം അരവിന്ദ് അമ്പലത്തിലേക്ക് യാത്രയായി. ടാക്സിയിൽ കയറി ഇറങ്ങുമ്പോൾ പൈസ കൊടുത്ത് പേഴ്സ് ടാക്സിയിൽ തന്നെ വീണു. അമ്പലത്തിൽ തൊഴുതു കുറച്ചുകഴിഞ്ഞ് പേഴ്സ് തപ്പിയപ്പോൾ കാണാനില്ല എന്ന് മനസ്സിലായി. കൂടുതൽ അടുപ്പമില്ല അയാൾക്ക്. എല്ലാ പൈസയും ആ പേഴ്സിൽ ആയിരുന്നു. ഒടുവിൽ ഒന്നും താങ്ങാൻ  കഴിയാത്ത സാഹചര്യത്തിൽ അരവിന്ദ് തൻറെ ഭാര്യയെയും കുഞ്ഞിനെയും ഒരുനിമിഷം മനസ്സിലോർത്ത് തുണ്ട് കയറിൽ തൻറെ ജീവനൊടുക്കി. ഇതാണ് അരവിന്ദൻറെ കഥ.

തൻറെ ആഗ്രഹങ്ങൾ മുഴുവൻ ഉള്ളിലൊതുക്കി ഒരു തുണ്ട് കയറിൽ ജീവനൊടുക്കിയ ഒരു പ്രവാസി മലയാളി.

*ഐശ്വര്യ മുരളി 9D*

# ഓടയിൽനിന്ന്

വായനക്കുറിപ്പ്

*ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ എഴുത്തിലൂടെ ആവിഷ്കരിച്ച പ്രശസ്ത കഥാകൃത്ത്കേശവദേവിന്റെ പ്രസിദ്ധ കൃതികളിലൊന്നാണ് ''ഓടയിൽ നിന്ന് ''.*

*പപ്പു എന്ന റിക്ഷാക്കാരന്റെ നീറുന്ന കഷ്ടപ്പാടുകളേയും ദുരിതപൂർണ്ണമായ ജീവിതത്തിനേയും*

*അതിശക്തമായിഎഴുത്തിലൂടെ മൂർച്ചയായ വാക്കുകളായി കേശവദേവ് 'ഓടയിൽ നിന്ന്' എന്ന നോവലിൽആവിഷ്കരിച്ചരിക്കുന്നു. അർത്ഥമില്ലാത്ത ജീവിതത്തിന്റെ ഇടനാഴിയിലൂടെ സഞ്ചരിച്ച പപ്പുവിന്സ്നേ ഹിക്കുവാനോ സ്നേഹിക്കപ്പെടുവാനോ ആരുംതന്നെ ഉണ്ടായില്ല. പപ്പുവിന്റെ റിക്ഷ*

*തട്ടി ഓടയിൽ വീഴുന്ന ഒരു പെൺകുട്ടിയോട് പപ്പുവിന് തോന്നുന്ന സഹതാപമാണ് ഈ നോവലിന്റെ അങ്ങോളം . ലക്ഷ്മി എന്ന പെൺകുട്ടിയുടെ ദാരിദ്ര്യത്തിന്റെ കാഴ്ച്ചയാണ് പപ്പുവിനെ ലക്ഷ്മി എന്ന പെൺകുട്ടിയോടുള്ള സഹതാപത്തിന്റെ വഴികളിലേക്ക് തിരിക്കുന്നത്.*

*അന്നു മുതൽ അയാൾ ലക്ഷ്മിയോട് അടുക്കുകയും ലക്ഷ്മിയുടെ അയാൾ അവളുടെ അമ്മാവനായ്*

*തീരുകയായിരുന്നു. നോവലിലെ കേന്ദ്രകഥപാത്രമായ പപ്പുവിന് ജീവിത ലക്ഷ്യങ്ങളുണ്ടായിരുന്നില്ല. എന്നാൽ ലക്ഷ്മിക്കുവേണ്ടി അയാൾ ജീവിതത്തിന്റെ പാതയിൽ*

*ചുവടുറപ്പിക്കുന്നു. റിക്ഷ കാലങ്ങൾക്കുശേഷം പപ്പുവിനെ രോഗബാധിതനായ്ത്തീർക്കുകയും രോഗത്തിന്റെ പിടിമുറുകിയപ്പോയും ലക്ഷ്മിക്കുവേണ്ടി റിക്ഷവലിക്കുന്ന പപ്പു നമ്മെ കരയിക്കുന്നു.*

*നന്ദന എസ്. **VIII B***

## ചങ്ങമ്പുഴ കൃഷ്ണപിള്ള

**ജീവചരിത്രക്കുറിപ്പ്**

ചങ്ങമ്പുഴ എന്ന വാക്കാൽ വിവക്ഷിക്കാവുന്ന ഒന്നിലധികം കാര്യങ്ങളുണ്ട്. മനുഷ്യനെന്ന നിലയിലും കവിയെന്ന നിലയിലും മറ്റുള്ള മലയാള കവികളിൽ നിന്നും തികച്ചും ഒറ്റപ്പെട്ടു നിൽക്കുന്ന മഹാകവി ചങ്ങമ്പുഴ. മലയാളത്തിന്റെ ഈ പ്രിയപ്പെട്ട കവി 1991 ഒക്ടോബർ 10 ന് ജനിച്ചു.

ജന്മദേശം ഉത്തരതിരുവിതാംകൂറിൽപ്പെട്ട (ഇപ്പോൾ എറണാകുളം ജില്ലയിൽ) ഇടപ്പള്ളിയാണ്. ഇടപ്പള്ളി ചങ്ങമ്പുഴ തറവാട്ടിലെ ശ്രീമതി പാറുകുട്ടിയമ്മയാണ് മാതാവ്. തെക്കേടത്ത് വീട്ടിൽ രാമൻ മേനോൻ പിതാവും. ഒരു നിർദ്ധന കുടുംബത്തിലെ അംഗമായി ജനിച്ച ചങ്ങമ്പുഴ ബാല്യകാല വിദ്യഭ്യാസം വളരെ ക്ലേശകരമായാണ് നിർവ്വഹിച്ചത്. ഇടപ്പള്ളി മലയാളം പ്രൈമറി സ്കൂൾ, ശ്രീകൃഷ്ണ വിലാസം ഇംഗ്ലിഷ് മിഡീയം സ്കൂൾ, എറണാകുളം സർക്കാർ ഹൈസ്കൂൾ, സെന്റ്ആൽബർട്ട്സ് സ്കൂൾ എന്നീവിടങ്ങളിൽ അദ്ധ്യയനം നടത്തി അദ്ദേഹം ഹൈസ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കി.

*ശ്രീഷ്മ കെ.എസ് **IX D***

# ആഗ്രഹം

ലേഖനം

ഭൂമി എന്ന സ്വർഗ്ഗലോകത്തിലെ ഒരേ ഒരു കണ്ണിയാണ് ഞാൻ. ഞാൻ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ മനസ്സിൽ ഒരു പാട് ചിന്തകൾ ഉയർന്നുവരുന്നു. പക്ഷികളെപ്പോലെ വാനിൽ ഉയർന്നു പറന്നു മേഘലങ്ങളിലേക്ക് അടുക്കുവാനും സമുദ്രങ്ങളിൽ ജീവിക്കുന്ന മത്സ്യങ്ങളെ-പോലെ നീന്തിത്തുടിക്കാനും ഒരുപാട് ആഗ്രഹങ്ങൾ. ഞാനും അതുപോലെ പ്രകൃതിയെ അടുത്തറിയാനാഗ്രഹിക്കുന്നു. പ്രകൃതിയിലെ ഓരോ ചലനങ്ങൾക്കും വ്യത്യസ്തമായ ഓരോ ചിത്രങ്ങളും നമ്മുടെ മനസ്സിൽ പതിഞ്ഞിരിക്കും. പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ പ്രകൃതി നമ്മൊടു സംസാരിക്കുന്നതായി തോന്നാം. നിശ്ചലമായി രിക്കുമ്പോൾ അവ വിഷാദത്തിലാണെന്നുതോന്നാം. മഴപെയ്യുമ്പോൾ നമുക്ക് പല അനുഭുതികളും തോന്നാം. സന്തോഷവേളയിലോ സങ്കടവേളയിലോ ആയിരിക്കാം. ചില സന്തോഷവേളയിൽ എന്റെ കൂടെ പ്രകൃതിയും സന്തോഷിക്കുന്നതായും സങ്കടം വരുമ്പോഴും കൂടെ ചേരുന്നതായിതോന്നാം. എനിക്ക് മാത്രമല്ല എല്ലവരും നിരീക്ഷിക്കുമ്പോഴും അത് നമ്മൊടൊപ്പമുള്ള നമ്മുടെ എല്ലാ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കാൻ കഴിയുന്ന ഒരു കൂട്ടുകാരനായിമാറും.

*വിസ്മയ. ടി.എ* ***IX B***

## വേമ്പനാട്ട് കായൽ യാത്ര

*യാത്രാവിവരണം*

എന്റെ അച്ഛന്റെ സംഘത്തിൽ നിന്ന് ഒരു യാത്ര പോകാൻ തീരുമാനിച്ചു. ആലപ്പുഴയിലെ വേമ്പനാട്ട് കായലിൽ ഹൗസ് ബോട്ടിംഗ് ആയിരുന്നു തീരുമാനിച്ചിരുന്നത്. അച്ഛൻ ഞങ്ങളോട് അത് പറഞ്ഞത് മൂലം ഞങ്ങൾ ആ ദിവസത്തെ ആകാംക്ഷയോടെ വരവേർത്തു. ഞാനും എന്റെ കൂട്ടുകാരുംരും വസ്ത്രം വാങ്ങി. ആ ദിവസം വന്നുചേർന്നു. രാത്രി 9 മണിയോടെ ഞങ്ങൾ യാത്ര തുടങ്ങി. ട്രാവലറിൽ ആയിരുന്നു പോയത്. ഞങ്ങൾ ഡാൻസ് കളിച്ചു. 12 മണിയോടെ ഡാൻസ് ഒക്കെ നിർത്തി. ഉറങ്ങുവാൻ തുടങ്ങിയിരുന്നു. അമ്മമാരും കുട്ടിക്കളും ഉറങ്ങി കഴിഞ്ഞു. മുതിർന്ന ആളുകൾ പാട്ടുകൾ പാടി. ഒരാൾ വന്ന് മുന്നിലത്തെ സീറ്റിൽ ഇരുന്നു ഡ്രൈവറോട് വർത്താനം പറഞ്ഞു. ഡ്രൈവർ ഉറങ്ങി പ്പോകാതിരികാൻ ഞങ്ങൾ ഇടക്ക് ഇടക്ക് ചായ വാങ്ങിച്ചു കൊടുത്തു. ഏകദേശം പുലർച്ചെ 5 മണിയോടെ അവിടെ എത്തി. ഒരു ലോഡ്ജിലേക്ക് പോയി. ഞങ്ങൾ കുട്ടികൾ കുറച്ച് നേരം ഫോണിൽ കളിച്ചു. എല്ലാവരും കുളിയോക്കെ കഴിഞ്ഞു. അപ്പോഴേക്കും സമയം 7:30 കഴിഞ്ഞു. പിന്നെ ഞങ്ങൾ ബോട്ടു ജട്ടിയിലേക്ക് ഒരു ഹോട്ടലിലേക്ക് ചായ കുടിക്കാൻ പോയി. പിന്നീട് ബോട്ടിൽ കയരി. ആദ്യമായി അതിൽ നിന്ന് ജ്യൂസ് കിട്ടി. കായലിൽ കുറേ ബോട്ടുകളുണ്ടായിരുന്നു. തൊട്ടടുത്ത ബോട്ടിൽ ഒരു

സായിപ്പും മദാമ്മയും ഉണ്ടായിരുന്നു. 12 മണിയായപ്പോൾ തോണിയിൽ ഒരാൾ ഐസ്ക്രീം വിൽക്കാൻ വന്നു. രണ്ടു മണിയായപ്പോൾ ഭക്ഷണം കഴിക്കുവാൻ വിളിച്ചു.

കരിമീനും, കോഴിയിറച്ചിയും ഒക്കെയായി നല്ല ഒരു ഭക്ഷണം. കഴിച്ച് പിന്നെ ഞങ്ങൾ റൂമിലേക്ക് പോയി. ഫോണിൽ ഗെയിം കളിച്ചു. ബോട്ട് നിർത്താതെ പോയിക്കൊണ്ടിരുന്നു. വൈകുന്നേരം 5 മണിയോടെ ഞങ്ങൾ തിരിച്ചു പോന്നു.

## വാർധക്യത്തിന്റെ ദൈന്യതകൾ

വായനക്കുറിപ്പ്

ഞാൻ വായിച്ചതിൽ ഏറെ വിചിത്രവും എന്റെ മനസ്സിനെ ഏറെ സ്വാധീനിക്കുകയും ഉൾക്കൊണ്ടതുമായ ഒരു കഥയായിരുന്നു ശ്രീ:സുരേന്ദ്രന്റെ 'അമ്മമ്മ' എന്ന 7ാംക്ലാസ് പാഠഭാഗത്തെ ഈയൊരു കഥ. ഇതെഴുതിയ കഥാകൃത്തിനെക്കുറിച്ച് പറയുകയാണെങ്കിൽ ഒരുപാടുണ്ട്.സ്കൂൾ അധ്യാപകനായിരുന്നു പി.സുരേന്ദ്രൻ. 'തൊട്ടതൊക്കെ പൊന്നാകുന്ന'മാതിരി ഇതുവരെ എഴുതിയ കഥകളൊക്കെ ഏറെ പ്രചരിക്കുകയും വായനക്കാരെ സംതൃപ്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വായനക്കാരുടെ ചിന്താഗതി മനസ്സിലാക്കി അതനുസരിച്ചാണ് പി.സുരേന്ദ്രന്റെ ഓരോ കഥകഴും രചിക്കപ്പെട്ടിട്ടുള്ളത്. മലയാള നോവലിസ്റ്റും ചെറുകഥാകൃത്തുമാണ് പി.സുരേന്ദ്രൻ . 'അമ്മമ്മ'എന്ന ഈ കഥയിലെ പ്രധാന ആശയം അമ്മമ്മയുടെ ദുഃഖങ്ങളും പ്രാരാബ്ധങ്ങളേയൊക്കെക്കുറിച്ചാണ്. അമ്മമ്മ തന്റെ മൂന്ന് പേരക്കുട്ടികളെയും വളർത്താനാണ് പെടാപ്പാട് പെടുന്നത്.

അമ്മമ്മയുടെ ഒരേയൊരു മകൾ ഈയടുത്തായി മരണപ്പെട്ടു.അത് ഒരു സാധാമരണമോ ദുർമരണമോ എന്ന് തിരിച്ചറിഞ്ഞില്ല. പറക്കമുറ്റാത്ത മൂന്ന് മക്കളെയും തനിച്ചാക്കി അവരുടെ അചഛൻ എങ്ങോ ഓടിപ്പോയി. അമ്മമ്മയുടെ വിഷമങ്ങൾ മക്കളെ അറിയിക്കാ
തെ ഒരു ഹോസ്റ്റലിൽ നിർത്തിപ്പഠിപ്പിക്കുകയാണ് അമ്മമ്മ. മകളുടെ ഭർത്താവ് തികഞ്ഞ ഒരു മദ്യപാനിയായിരുന്നു.കലഹിച്ച ജീവിതത്തിൽ നിന്നായിരുന്നു മൂന്ന് മക്കളുടെയും ജനനം. അമ്മയില്ലാത്ത കുട്ടികളെ

നെഞ്ചോട് ചേർത്ത് പിടിച്ചാണ് വളർത്തേണ്ടതെന്ന് അമ്മമ്മയ്ക്ക് അരയാഞ്ഞിട്ടല്ല. അവരുടെ ആവശ്യങ്ങളൊന്നും നിറവേറ്റാൻ കഴിയാത്തതിനാലാണ്.

ഇതിൽ എനിക്കേറെ ഇഷ്ടപ്പെട്ട ഒരു പ്രയോഗമാണ് അമ്മമ്മയുടെ കണ്ണീര് തിളങ്ങുന്ന ഒരു സൂചിയായി മാറിയതും എന്റെ കണ്ണിൽ കൊണ്ടതും.

## എന്റെ മക്കൾ

ഓർമക്കുറിപ്പ്

ആയിരം നക്ഷത്രങ്ങളുള്ള ആ രാത്രി ഇരുട്ടിന്റെ അഗാധതയിൽ ആ വൃദ്ധയായ സ്ത്രീ ഒറ്റയ്ക്കായിരുന്നു. ആകാശത്ത് മിന്നി തിളങ്ങുന്ന നക്ഷത്രങ്ങളും വിദൂരതകളിലേക്ക് മായുന്ന ചന്ദ്രനും എത്ര മനോഹരമാണീ ഭൂമി. ഇരുട്ടിന്റെ സന്തുലനാവസ്ഥയിൽപെട്ടന്നൊ

രു മാറ്റം നക്ഷത്രങ്ങൾ കൺ ചിമ്മി ചന്ദ്രൻ പൊട്ടുപോലെ ആകാശത്തിന്റെ ഉൾവലയങ്ങളിലേക്ക് നീങ്ങുന്നുവോ എന്നൊരു സംശയം. മഞ്ഞുള്ള ആ രാത്രിയിൽ മഴ പെയ്യാൻ വിതുമ്പി നിൽക്കുകയായിക്കണം. മഴത്തുള്ളികൾ ഇറ്റിറ്റായി വിഴാൻ തുടങ്ങി. ആ വൃദ്ധ കുറെ സമയം ആ മഴയത്തു തന്നെ നിന്നു. അവർ അതിൽ നിന്നും മോചിതയാവാൻ ശ്രമിച്ചിരുന്നില്ല.

പ്രഭാത സൂര്യന്റെ നിറവിൽ പച്ചിലചാർത്തിൻ പഴുതിലൂടെ എത്തി നോക്കുന്ന പൂങ്കാവനങ്ങൾ. അതിനിടയിൽ കൊച്ചു പൂക്കളോട് തന്റെ നൊമ്പരങ്ങൾ പറയുകയായിരുന്നു ആ വൃദ്ധ . മൂന്ന് ആൺ മക്കൾ ഉണ്ടായിട്ടും വാർദ്ധക്യത്തിന്റെ നിലയില്ലാ കയങ്ങളിൽ ആഴ്ന്ന അവർക്ക് തന്റെ സങ്കടങ്ങൾ പറയാനും നൊമ്പരങ്ങൾ പങ്കു വെക്കുവാനും ആരുമുണ്ടായിരുന്നില്ല. ഏക ആശ്രയം അയൽവാസിയായ നിർമ്മല ടീച്ചറായിരുന്നു. തന്നെ ആശ്വസിപ്പിക്കാൻ ഒരാളെങ്കിലുമുണ്ട് എന്ന്

തോന്നുമ്പോഴാണ് ഇനിയും ജീവിക്കണം എന്ന് തോന്നുന്നത്. മക്കളെല്ലാം വിദേശത്താണ്. അവിടെ നല്ല നിലയിൽ ജീവിക്കുന്നു. എന്നാൽ അവർ കാണുന്നില്ല അവരെ കരുതി വിങ്ങിപ്പൊട്ടുന്ന ആ വൃദ്ധയുടെ മനസ്. മക്കൾ വിളിച്ചിട്ട് തന്നെ കൊല്ലങ്ങളായി. അമ്മയും മക്കളും തമ്മിലുള്ള ആകെ ബന്ധം ചെറു കടലസിൽ കൈയൊപ്പോടു കൂടിയ എഴുത്തായിരുന്നു. അതും നിലച്ചിട്ട് വർഷങ്ങളായി. ജീവിതത്തിരക്കിനിടയിൽ അവർ അമ്മ യെ മറന്നിരിക്കാം. എന്നാൽ നൊന്തു പ്രസവിച്ച വയറിനു മറക്കാനാകുമോ.

*വിസ്മയ വിനോദ് **IX B***

## ലഹരിയെന്ന ആപത്ത്

ലേഖനം

മദ്യത്തിന്റെ , മയക്കുമരുന്നിന്റെ വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ. ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങൾ വളർത്തുന്ന സാഹചര്യവും നമ്മൾ ഒഴിവാക്കണം.മദ്യവും മയക്കുമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്യത്തെ ഇല്ലതാക്കും. കഴിവുകളെ നശിപ്പിക്കും,സ്നേഹബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഇല്ലാതാക്കും. മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും. ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം അവരുടെ മാതാപിതാക്കളേയോ അധ്യാപകരേയോ അറിയിക്കേണ്ടതാണ്.

മദ്യപാനവും മയക്കുമരുന്നും ഒഴിവാക്കൂ ജീവൻ നിലനിർത്തൂ.

ഒരിക്കലും ഈ ആപത്തിൽ പെട്ടുപോകാതെ സൂക്ഷിക്കുക.